15. ശ്രീ. എ. പി. കുര്യൻ
16. ശ്രീ. പി. പി. വി. മൂസ്സ
17. ശ്രീ. ഇ. നാരായണൻ നായർ
18. ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി
19. ശ്രീ. എം. വി. രാഘവൻ
20. ശ്രീ. കെ. രാഘവൻ മാസ്റ്റർ
21. ശ്രീ. എ. എ. റഹീം
22. ശ്രീ. ടി. കെ. രാമകൃഷ്ണൻ
23. ശ്രീ. പി. ആർ. കുറുപ്പ്
24. ശ്രീ. പി. കെ. ശങ്കരൻ കുട്ടി
25. ശ്രീ. പി. ആർ ശിവൻ
26. ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി
27. ശ്രീ. ആർ. സുന്ദരേശൻ നായർ
28. ശ്രീ. സേവ്യർ അറയ്ക്കൽ

NEUTRALS—Nil

Mr. Speaker: Those for the motion : 59
Those against the motion : 28
Neutrals : Nil

The motion was adopted and the Bill was declared finally passed.

1979-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ

Minister for Finance (Shri S. Varadarajan Nair): Sir, I introduce the Kerala Appropriation (Vote on Account) Bill, 1979.

Mr. Speaker: The Bill stands introduced.

Shri S. Varadarajan Nair: Sir, I move that the Bill be taken into consideration.

Minister for Education (Shri. C. H. Mohamed Koya): Sir, I Second it.

(Mr. Dy Speaker in the chair)

ശ്രീ. എം. കെ. കൃഷ്ണൻ: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. എതിർക്കാനുള്ള കാരണങ്ങളെക്കുറിച്ച് വളരെ വിശദമായി പറയാൻ ഞാനാഗ്രഹിക്കുന്നില്ല. പക്ഷേ കഴിഞ്ഞദിവസം വോട്ട് ഓൺ അക്കൗണ്ട്സിന്റെ ചർച്ച നടക്കുന്ന അവസരത്തിൽ അപ്പുറത്തുനിന്നു ചില അവകാശവാദങ്ങളും ഈ ഗവൺമെന്റിനെക്കുറിച്ച് ഉന്നയിക്കുകയുണ്ടായി. 1969-ൽ നിലവിൽവന്ന ഐക്യമുന്നണി ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് അടിയുറച്ചു മുന്നോട്ടുപോകും, ആരുടെയും മുന്നിൽ തലകുനിക്കേണ്ട കാര്യമില്ല എന്ന ഒരു അവകാശവാദമാണ് വോട്ട്ഓൺ അക്കൗണ്ട്സിൽ ഉന്നയിക്കപ്പെട്ടത്. ആ വാദം കേട്ടപ്പോൾ ഞാൻ പഴയ പല കാര്യങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ആലോചിച്ചുപോയി. 1969-ൽ രൂപീകരിക്കപ്പെട്ട മുന്നണിയാണ്, ആ മുന്നണിയുടെ തുടർച്ചയാണ് ഈ ഭരണമുന്നണി. ഒൻപതു വർഷം നമ്മുടെ സംസ്ഥാനത്ത് തുടരുകയും ചെയ്തു. ഇതു പറയുമ്പോൾ ചിലപ്പോൾ ഴെല്ലാം അപ്പുറത്തുനിന്നു പറയാറുണ്ട് 1969-ൽ വൻ പാർട്ടി മേധാവിത്വത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമാൻ ഇ. എം. എസ്. നമ്പൂതിരിപ്പാട് തന്റെ ചുമതലവിട്ട് രാജിവെച്ചുപോയി എന്ന്. 1969-ൽ നമ്മുടെ രാജ്യത്തിനാകെ മാതൃകയായ കേരള ഭൂപരിഷ്കരണ നിയമം കൊണ്ടുവന്നു. നമ്മുടെ രാജ്യത്ത് മാതൃകാപരവും പുരോഗമനപരവുമായ ഒരു കാർഷികപരിഷ്കരണ നിയമം ഉണ്ടെങ്കിൽ അത് ഈ കൊച്ചു കേരളത്തിൽ മാത്രമേയുള്ളു, ഇൻഡ്യയിൽ ഒരിടത്തുമില്ല. ഒരിടത്തുമില്ലത്ത ആ കാര്യത്തെക്കുറിച്ചെന്നും വിശദമായി പറയാൻ ഞാനാഗ്രഹിക്കുന്നില്ല. ഇൻഡ്യ രാജ്യത്തിലെ മാതൃകാപരമായ പുരോഗമനപരമായ ഏകനിയമം കേരളത്തിലെ നിയമമാണ്. ആ നിയമം 1969 ഏപ്രിൽമാസം 15-ാം തീയതി വെളളിയാഴ്ചയാണ് ഈ സഭ പാസാക്കിയത്. അന്ന് ആ നിയമം പാസാക്കിയതിന്റെ എട്ടാമത്തെ ദിവസം ആ നിയമം പാസാക്കിയ ഗവൺമെന്റിനെതിരായി ഇന്നു പ്രതിപക്ഷത്തുള്ള കരുണാകരന്റെ പാർട്ടിയും അപ്പുറത്തുള്ള ആളുകളുമൊക്കെ ചേർന്ന് പ്രമേയം പാസാക്കി. അതിനുശേഷം അധികാരത്തിൽ വന്നതാണ് ഈ മുന്നണി. ഈ മുന്നണിയുടെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല.

റവന്യുവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബിജോൺ): ആ ഗവൺമെന്റിനെതിരായി ഏതു പ്രമേയമാണ് പാസാക്കിയത്?

ശ്രീ. എം. കെ. കൃഷ്ണൻ: അഴിമതിക്കെതിരായി അന്വേഷണം നടത്തണമെന്ന് പ്രമേയം പാസാക്കി. അന്ന് നമ്മുടെ സംസ്ഥാനത്തെ രക്ഷിക്കുന്നതിനുവേണ്ടിയിട്ടാണ് എന്റെ സ്നേഹിതൻ ശ്രീ. ടി. എ. മജീദ് ഒരു പ്രമേയം കൊണ്ടുവന്ന് പാസാക്കിയത്. സർ, അഴിമതിയെക്കുറിച്ച് ഞാൻ വിശദമായി സംസാരിക്കുവാൻ ആഗ്രഹിക്കുന്നില്ല. അപ്പുറത്തുള്ള ശ്രീമാൻ ബേബിജോണും ഇപ്പുറത്തുള്ള ശ്രീ. കരുണാകരനും അടിയോടിയും തമ്മിൽ ഇതേ സഭയിൽ നടന്നചർച്ചയിലേക്കു പ്രത്യേകമായി ആരുടെയും ശ്രദ്ധക്ഷണിക്കേണ്ട കാര്യമില്ല.

ശ്രീ. ആർ. എസ്. ഉണ്ണി: ഒരു ചോദ്യം.

ശ്രീ. എം. കെ. കൃഷ്ണൻ: ഞാൻ ഒരു വലിയ ചർച്ചയ്ക്കു തയ്യാറാണ്. പക്ഷേ എനിക്കു സമയമില്ലാത്തതുകൊണ്ട് ഇപ്പോഴം വഴങ്ങുന്നില്ല. ഏതായാലും അന്നു ആ ഗവൺമെന്റിനെ എണ്ണിക്കൊണ്ട് 8-ാമത്തെ ദിവസം വോട്ടുചെയ്തു പരാജയപ്പെടുത്തി. രാജിവെച്ചുപോയി എന്നാണ് വാദഗതി, അതിരിക്കട്ടെ, അതുകഴിഞ്ഞ് 1977-ൽ ഒരു തിരഞ്ഞെടുപ്പിനെ നേരിട്ടു. ആ തിരഞ്ഞെടുപ്പിൽ ഭരണകക്ഷികളാരുടെ കൂടെ നിന്നാണ് മൽസരിച്ചു ഭൂരിപക്ഷം നേടിയത്? ആ ആളുകളാ ഈ ഗവൺമെന്റിന്റെ കൂടെയുണ്ടോ? ഇല്ലെന്നുമാത്രമല്ല സർ, അവിശുദ്ധമായി പല സന്ദർഭങ്ങളിലായി ഒട്ടേറെ മുന്നണികളുണ്ടാക്കി അധികാരത്തിലിരിക്കണമെന്ന ആഗ്രഹത്തിന്റെ അടിസ്ഥാനത്തിൽ അവസാനമായി പടച്ചുണ്ടാക്കിയ ഒരു മുന്നണിയാണിത്. എന്നിട്ടിവിടെ ഊറ്റംകൊള്ളുന്നു! നമ്മുടെ ഗവൺമെന്റു കക്ഷികാർ ഊറ്റംകൊള്ളുമ്പോൾ, അവരുടെ അവകാശവാദം കേൾക്കുമ്പോൾ പ്രസിദ്ധ നോവലിസ്റ്റായ വൈക്കം മുഹമ്മദു ബഷീറിന്റെ കഥാപാത്രത്തെയാണ് എനിക്കു ഓർമ്മവരുന്നത്. ആ

LIBRARY ARCHIVES Kerala Legislative Assembly

കഥാപാത്രത്തിന്റെ പേരു എട്ടുകാലി മമ്മൂഞ്ഞ് എന്നാണ്. എട്ടുകാലി മമ്മൂഞ്ഞ് പല അവകാശവാദങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. എട്ടുകാലി മമ്മൂഞ്ഞ് താമസിച്ചിരുന്ന പ്രദേശത്ത് അവിഹിതബന്ധത്തിൽ ഉണ്ടാകുന്ന എല്ലാ ഗർഭത്തിന്റെയും ഉത്തരവാദി താൻ ആണെന്നു ഊറ്റംകൊള്ളുന്നതു പോലെയാണ് അപ്പുറത്തുള്ള കക്ഷിക്കാർ ഊറ്റംകൊള്ളുന്നത്. 1969-ൽ ഉണ്ടായ ഐക്യമുന്നണി, ആ ഐക്യമുന്നണിയുടെ അടിസ്ഥാനത്തിൽ ഉണ്ടായ ഗവൺമെന്റ്, 1977-ൽ ഉണ്ടായ മറ്റൊരു കൂട്ടുകെട്ട്, അതിന്റെ അടിസ്ഥാനത്തിലുണ്ടായ ഗവൺമെന്റ് ഈ അവകാശവാദങ്ങളെല്ലാം ഉന്നയിച്ച് ഊറ്റംകൊള്ളുമ്പോൾ എട്ടുകാലി മമ്മൂഞ്ഞിന്റെ അവകാശവാദം പോലെയാണെ് തോന്നുന്നത്. അങ്ങനെ ഊറ്റംകൊള്ളുന്ന ഈ ഗവൺമെന്റ് ധനവിനിയോഗം നടത്താനുള്ള ബിൽ അവതരിപ്പിച്ചാൽ അതംഗീകരിച്ചുകൊടുത്ത് അവരെക്കൊണ്ട് നടപ്പിലാക്കുന്നതു ശരിയല്ല. അതുകൊണ്ടാണ് ഞാൻ ഈ ബില്ലിനെ എതിർക്കുന്നത്.

ശ്രീ. ബി. എം. ഷെരീഫ്: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. സഭാവ് എം. കെ. കൃഷ്ണൻ ഇവിടെ പറഞ്ഞ കാരണങ്ങൾകൊണ്ടുതന്നെ ഈ ബില്ലിനെ അനുകൂലിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തെ സംബന്ധിച്ചും ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന ജനോപകാരപ്രദമായ നടപടികളെ സംബന്ധിച്ചും ഇക്കഴിഞ്ഞ ദിവസങ്ങളിൽ ഈ സഭാതലത്തിൽ നല്ലതുപോലെ ചർച്ചചെയ്യുകയുണ്ടായി. പ്രതിപക്ഷങ്ങൾക്ക് ഈ ഗവൺമെന്റിന്റെ മേൽ ഗൗരവമായ ഒരു ചാർജ്ജുപോലും കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് എന്റെ സുഹൃത്തായ കൃഷ്ണൻ മറന്നുപോയി. ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രതിപക്ഷത്തുനിന്നും സംസാരിച്ച പ്രതിപക്ഷത്തിന്റെ തലക്കനമുള്ള നേതാക്കന്മാർ സംസാരിച്ചിട്ടും ഈ ഗവൺമെന്റ് ജനോപകാരപ്രദമായ നടപടികളൊന്നും ചെയ്യാത്ത ഒരു ഗവൺമെന്റാണെന്ന് ചൂണ്ടിക്കാണിക്കുവാൻ അവർക്ക് കഴിഞ്ഞിട്ടില്ല. മാത്രവുമല്ല, പൊതുവെ ഇത്തവണത്തെ സമ്മേളനത്തിൽ ബഡ്ജറ്റിനെക്കുറിച്ചുള്ള ചർച്ചയും പുത്തങ്കോളിൽ വന്നിട്ടുള്ള വാർത്തകളും എല്ലാം ചില കാര്യങ്ങളിലേക്ക് വിരൽ ചൂണ്ടുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അടിസ്ഥാനപരമായി നമ്മുടെ സംസ്ഥാനത്തെ അവശജനവിഭാഗങ്ങൾക്ക്, ദുർബലജനവിഭാഗങ്ങൾക്ക് പ്രത്യേകിച്ചും കൃഷിക്കാർക്ക് അനുകൂലമായി ഈ വരുന്ന ഒരു വർഷക്കാലം സമൂർത്തമായ പരിപാടികൾ നടപ്പിലാക്കാൻ പോകുന്ന ഈ ഗവൺമെന്റിനെക്കുറിച്ച് കാര്യമായി പ്രതിപക്ഷത്തിന് ഒന്നും പറയാനില്ല. സർ, ഈ ബില്ലിനെ അനുകൂലിക്കുമ്പോൾ വരാൻ പോകുന്ന വർഷങ്ങളിലെ ഈ ഗവൺമെന്റിന്റെ പ്രകിയാത്മകമായ ചില നടപടികളെ സംബന്ധിച്ചു ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. ഇവിടെ നമ്മുടെ മുഖ്യമന്ത്രിയുടെ ഒരു പ്രഭാഷണം നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ നയങ്ങളെ സംബന്ധിച്ച് പുറത്തുവന്നിട്ടുണ്ട്. പ്രധാനമായും കാർഷികോൽപാദനമുഖമായ ഒരു ബഡ്ജറ്റ് എന്ന നിലയിൽ ഈ ബഡ്ജറ്റിനെ സംബന്ധിച്ച് ചില കാര്യങ്ങളും സൂചിപ്പിക്കുകയുണ്ടായി. എനിക്ക് ഇക്കാര്യത്തിൽ എടുത്തുപറയാനുള്ളത് ഈ പരിപാടികളും നടപ്പിലാക്കുന്ന കാര്യത്തിൽ പ്രകിയാത്മകമായി നാം ചില കാര്യങ്ങളും ശ്രദ്ധിക്കേണ്ടതുണ്ടെന്നാണ്. കാർഷികോൽപാദനമുഖമായ ഒരു ബഡ്ജറ്റ് എന്നു പറയുമ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ വിഭവശേഷി സമാഹരിക്കുന്നതിനും ചെറുകിട കർഷകരുടെയും ചെറുകിട ഭൂഉടമകളുടേയും ഭൂമിയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ രീതിയിൽ ആവശ്യമായ സഹായങ്ങളും ചെയ്തുകൊണ്ട് ഉൽപ്പാദനമേഖല വളർത്തിക്കൊണ്ടു വരാനുമാണ് നാം

LIBRARY ARCHIVES Kerala Legislative Assembly

പരിശ്രമിക്കേണ്ടതു്. അതിനു് സമഗ്രമായ ചില നിർദ്ദേശങ്ങളും ഇവിടെ കൊണ്ടുവന്നിട്ടുണ്ടു്. ആ നിർദ്ദേശങ്ങളും പ്രായോഗികമാക്കാൻ ഇന്നു നാം സ്വീകരിച്ചിരിക്കുന്ന മാർഗ്ഗങ്ങളും കൂടെക്കൂടി സംപുഷ്ടമാക്കാൻ ശ്രമിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഡിമാൻറുകളെ സംബന്ധിച്ച ചർച്ചയിൽ ഇത്തരം കാര്യങ്ങളും പരാമർശിക്കുമെന്നറിയാം. എന്നിരുന്നാലും ഞാൻ പറയാൻ ആഗ്രഹിക്കുന്നതു് ചെറുകിട കർഷകരേയും ചെറുകിട ഭൂഉടമകളെയും ഉദ്ധരിക്കുവാൻവേണ്ടി, ഗ്രാമീണ സമ്പദ്വ്യവസ്ഥ ഉദ്ധരിക്കുവാൻ വേണ്ടിയുള്ള നടപടികളാണു് സ്വീകരിക്കുന്നതെങ്കിൽ തീർച്ചയായും കാർഷിക വകുപ്പിന്റെ പ്രവർത്തനത്തെ സംബന്ധിച്ചു് പഠിച്ചു് ഒരു പുനഃസംഘടന അനിവാര്യമായിരിക്കുന്നു എന്നാണു്. ചെറുകിട ഭൂഉടമസ്ഥൻമാരെയും ചെറുകിട കർഷകരെയും സംരക്ഷിക്കുവാനുള്ള പരിപാടികളും ആസൂത്രണം ചെയ്യുമ്പോൾ ഇന്നു് അതിനു് മതിയായ ഒരു കാർഷികവകുപ്പാണു് ഇവിടെ പ്രവർത്തിക്കുന്നതെന്നു് എനിക്കു് തോന്നുന്നില്ല. തീർച്ചയായും നമ്മുടെ ഉൽപ്പാദനം വർദ്ധിപ്പിക്കണം. ഈ ബഡ്ജറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ 15 ലക്ഷം ഹെക്ടർ സ്ഥലത്തു് നമുക്കു് ജലസേചനസൗകര്യം ഏർപ്പെടുത്തണം. എന്നാൽ അതിനുള്ള സാദ്ധ്യതകളെപ്പറ്റി നാം ചർച്ചചെയ്യുമ്പോൾ ഇന്നു് നമുക്കു് അതിനുള്ള മെഷിനറി വളരെയധികം അപര്യാപ്തമാണെന്നു് പറയേണ്ടിയിരിക്കുന്നു. ആ അപര്യാപ്തമായ മെഷിനറി സജീവമാക്കാനും പ്രാവർത്തികമാക്കാനും തീർച്ചയായും കാർഷികവകുപ്പുമായി ബന്ധപ്പെടുത്തി ഒരു പുനഃസംഘടന അനിവാര്യമായിരിക്കുന്നുവെന്നാണു് ഞാൻ മനസിലാക്കുന്നതു്. ഈ രംഗത്തു് ഫലപ്രദമായ മെഷിനറി ഉണ്ടാകണം. നിശ്ചയമായും ചെറുകിട കർഷകരെ സഹായിക്കുന്ന രീതിയിൽ ഈ വകുപ്പു് ചെറിയ ചെറിയ യൂണിറ്റുകളായി പ്രവർത്തിക്കുവാൻ കഴിയുന്നവിധത്തിലാകണം. ഓരോന്നിനും പ്രത്യേകമായ ഉദ്യോഗസ്ഥൻമാരുടെ നിയന്ത്രണവും ഉത്തരവാദിത്വവും ഉണ്ടായിരിക്കണം. നാളികേരത്തിനായാലും നെല്ലിനായാലും റബ്ബറിനായാലും കുരുമുളകിനായാലും വിവിധ ജനങ്ങളിലുള്ള കാർഷികവിളകളിൽ നിന്നും പരമാവധി ഉൽപ്പാദനം ലഭിക്കുവാൻ കഴിയുന്ന വിധത്തിൽ ഇന്നുള്ള സംവിധാനം പുനഃസംവിധാനം ചെയ്യണമെന്നാണു് എനിക്കു് തോന്നുന്നതു്. ജലസേചനത്തെ സംബന്ധിച്ചു് ഇവിടെ പറഞ്ഞു. നമ്മുടെ സംസ്ഥാനത്തു് ഇന്നു് ലഭ്യമായിട്ടുള്ളതു് വൻകിട ജലസേചന പദ്ധതികളാണു്. തീർച്ചയായും ഇന്നു കൊണ്ടുവന്നിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ചെറുകിട ജലസേചനം. കുഴൽകിണർ വഴിയുള്ള ജലസേചനം ഏർപ്പെടുത്തിക്കൊണ്ടാണു് ഈ കാർഷികമേഖല വിപുലീകരിക്കുവാൻ പോകുന്നതെന്നാണു് മനസ്സിലാക്കുന്നതു്. അങ്ങനെയാണെങ്കിൽ പബ്ലിക് ഹെൽത്തു് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറുമായി ബന്ധപ്പെട്ടു് ഈ ജലസേചനം മെച്ചപ്പെടുത്തണം. പക്ഷേ പബ്ലിക് ഹെൽത്തു് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറിൽ ആവശ്യമായ സ്റ്റാഫ് ഇല്ലെന്നാണു് ഞാൻ അറിയുന്നതു്; ഉയർന്ന ഉദ്യോഗസ്ഥൻമാരല്ല. അതുകൊണ്ടു് ആ സംവിധാനം മെച്ചപ്പെടുത്താൻ നമുക്കു് സാധിക്കണം. നാം ഈ ആഗ്രഹം സാക്ഷാൽക്കരിക്കുവാനുള്ള പരിശ്രമത്തിൽ മുന്നോട്ടു പോകുമ്പോൾ കാർഷിക മേഖലയിൽ നമുക്കാവശ്യമായ പുരോഗതി ഉണ്ടാക്കാൻ സഹായിക്കുന്ന രീതിയിൽ പബ്ലിക് ഹെൽത്തു് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറും കാർഷിക മേഖലയും ഒരുമിച്ചു പ്രവർത്തിക്കുവാൻ കഴിയണം. ഇന്നു് കാർഷിക ഡിപ്പാർട്ടുമെൻറിൽ താഴെക്കിടയിലുള്ള സ്റ്റാഫ് പോരെന്നാണു് മനസിലാക്കുന്നതു്. ഗ്രാമസേവകർ, ഡെമോൺസ്ട്രേറ്റർ മുതലായ ഉദ്യോഗസ്ഥൻമാരെ കുറെകൂടി ചെറിയ പ്രവർത്തനമേഖലകളിൽ പ്രവർത്തിക്കുവാൻ അനുവദിച്ചുകൊടുക്കണം. നാളികേരമായാലും നെല്ലായാലും അതു്

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന ചെറിയ മേഖലകളിൽ വിത്തും വളവും ജല സേചനസൗകര്യങ്ങളും നൽകി ഈ ഉദ്യോഗസ്ഥൻമാരുടെ പൂർണ്ണമായ ചുമതലയിലും ഉത്തരവാദിത്വത്തിലും മുന്നോട്ടുകൊണ്ടുപോകാനുള്ള സംവിധാനമാണ് ഞാനുദ്ദേശിക്കുന്നത്. ഗവൺമെൻറിൻെറ പരിപാടികൾ വിജയിപ്പിക്കുവാൻ കഴിയുന്ന ഒരു സംവിധാനത്തിനുവേണ്ടി ജനപ്രതിനിധികളും ഡിപ്പാർട്ടുമെൻറു പ്രതിനിധികളും ഒരുമിച്ചിരുന്ന് ആലോചിച്ച് സമഗ്രമായ പരിപാടികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. ബഡ്ജറ്റിൽ പൊതുവായി ഇക്കാര്യങ്ങൾ പരാമർശിച്ചിട്ടുണ്ട്. നമ്മുടെ ഗവൺമെൻറിൻെറ ലക്ഷ്യം മുഖ്യമന്ത്രി ആവർത്തിച്ചു പറഞ്ഞിട്ടുണ്ടെങ്കിലും അത് പ്രാവർത്തികമാക്കാനുള്ള നടപടികൾ വളരെ ഗൗരവമായി എടുക്കണം. കാർഷികരംഗത്തെ ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ച് പറയുമ്പോൾ ഗ്രാമസേവകർക്കും ഡെമോൺസ്ട്രേറ്റർമാർക്കും വളരെ അപൂർവ്വമായി മാത്രമേ അവർക്ക് ഇന്നുള്ള സാഹചര്യങ്ങൾ ഉപയോഗിച്ച് കൃഷിക്കാരെ സഹായിക്കുവാൻ കഴിയുന്നുള്ളൂ എന്നുള്ളതാണ് വസ്തുത. ആ സാഹചര്യം മാറണം. ഇവിടെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ ഉദ്യോഗസ്ഥൻമാരുടെ പ്രത്യേക മായ ഉത്തരവാദിത്വം ഉണ്ടായിരിക്കണം. കൃഷിക്കാരെ അതിന് സഹായിക്കുന്ന ഏജൻസിയായി ഉദ്യോഗസ്ഥൻ പ്രവർത്തിക്കണം. അതിന് വിരുദ്ധമായി ഏതെങ്കിലും ഉദ്യോഗസ്ഥൻ പ്രവർത്തിച്ചാൽ അവരുടെമേൽ നടപടി എടുക്കുവാനുള്ള സംവിധാനമുണ്ടാകണം. ഇന്ന് തീരുമാനങ്ങൾ നടപ്പിലാക്കിയാലും ഇല്ലെങ്കിലും ഒന്നുമില്ലായെന്ന സമീപനമാണുള്ളത്. ഗവൺമെൻറിൻെറ നയങ്ങളെ സഹായിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് തീർച്ചയായും പ്രോത്സാഹനം നൽകണം. മറിച്ച് ഗവൺമെൻറിൻെറ നയങ്ങളെ എതിർക്കുന്ന, പരാജയപ്പെടുത്തുന്ന നടപടികൾ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻമാരുടെമേൽ ഗൗരവമായ നടപടികൾ സ്വീകരിക്കുന്ന ഒരു നടപടിക്രമം ഉണ്ടാകണം. അത് തീർച്ചയായും നമ്മുടെ ഈ മേഖലയുടെ വികസനത്തിന് ആവശ്യമാണ്. അത് നമ്മുടെ സംസ്ഥാനത്തിൻെറ വികസനത്തിനും വളർച്ചയ്ക്കും പുരോഗതിക്കും അനുപേക്ഷണീയമാണ്. ഉദ്യോഗസ്ഥൻമാരെപ്പറ്റി പൊതുവിൽ പറയുമ്പോൾ അവരെല്ലാം തന്നെ കുറ്റക്കാരാണെന്നു ഞാൻ പറയുന്നില്ല. പക്ഷേ അവർക്ക് പ്രവർത്തിക്കാനുള്ള സാഹചര്യം ഉണ്ടാകണം. അവരുടെ ചുമതലകൾ നിർവ്വഹിക്കുവാനുള്ള സൗകര്യമുണ്ടാക്കികൊടുത്ത് വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ അവരെ പ്രാപ്തരാക്കി ഗവൺമെൻറിൻെറ നടപടികൾ വിജയപ്രദമായി മുന്നോട്ട് കൊണ്ടുപോകണം. അതാണ് ഇന്ന് അത്യന്താപേക്ഷിതമെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇന്ന് പൊതുവെ ചില കാര്യങ്ങൾ പറയുകയല്ലാതെ പ്രത്യേകം പ്രത്യേകം ചുമതലകളുമായി ബന്ധപ്പെട്ട് അവരവരുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്ന കാര്യത്തിൽ പൊതുവെ ഗവൺമെൻറ് പരാജയപ്പെടുന്ന കാര്യം ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അടുത്ത ഒരു വർഷം നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായി ഉൽപ്പാദനം വർദ്ധിപ്പിക്കുകയും അതിൻെറ അടിസ്ഥാനത്തിൽ സമ്പദ്ഘടന തന്നെ കാര്യമായി വികാസം പ്രാപിക്കുകയും ചെയ്തു മുന്നോട്ടുപോകാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ഇത്തരത്തിലുള്ള പുനഃസംവിധാനം ഒഴിച്ചുകൂടാൻ പാടില്ലാത്തതാണെന്ന് മനസ്സിലാക്കി അതിനുള്ള പ്രവർത്തനം കാര്യക്ഷമമാക്കണം. ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈപ്പൻ കണ്ടക്കുടി: സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ അനുകൂലിക്കുകയാണ്. സർ, ഇതു പറയുമ്പോൾ നമ്മുടെ
1 P. M.] ഈ ബഡ്ജറ്റിൽ പെൻഷൻകാർക്ക് ആനുകൂല്യം, മൽസ്യത്തൊ
ഴിലാളികൾക്ക് ഭവനനിർമ്മാണം, നമ്മുടെ സംസ്ഥാനത്ത് കാർഷികമേഖലയിൽ പലിശ ഇളവ് ഇങ്ങനെ വിവിധ ഇനങ്ങളിൽ ജന ജീവിതത്തെ സ്പർശിക്കുന്നവിധത്തിലുള്ള ഒരു ബഡ്ജറ് അവതരിപ്പിച്ച് അതിന് ധനം വിനിയോഗിക്കുന്നതിന് അനുവാദം ചോദിക്കുമ്പോൾ അതിനെ എതിർക്കുന്നത് എന്തുകൊണ്ടാണെന്നു മനസിലാകുന്നില്ല.

സർ, കാർഷികമേഖലയിൽ ഇത്രയെല്ലാം ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടെങ്കിലും അത് കർഷകർക്ക് എത്തിച്ചുകൊടുക്കുന്നതിന് അതിനുള്ള സംവിധാനം ശരിയായി പ്രവർത്തിക്കുന്നതിന് ഗവൺമെൻറ് കുറെകൂടി ശുഷ്കാന്തി കാണിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. സർ, കൂടുതലായൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല. ഒരു കാര്യം മാത്രം ബഹുമാനപ്പെട്ട സഹകരണ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്.

സർ, റിസർവ്വ്ബാങ്ക് സഹകരണ മേഖലയിൽ സ്റേറററ്കോ-ഓപ്പറേറീവ് ബാങ്കിന് പണംകൊടുക്കുന്നത് 6 ശതമാനം പലിശക്കാണ്. 6 ശതമാനത്തിനു കിട്ടുന്ന ആ പണം $6\frac{3}{4}$ ശതമാനം പലിശക്ക് ഡിസ്ട്രിക്ട് കോ-ഓപ്പറേറീവ് ബാങ്കിനു കൊടുക്കുന്നു. അവർ $1\frac{3}{4}$ ശതമാനം പലിശ എടുത്തുകൊണ്ട് 200 പ്രൈമറി സഹകരണ സംഘങ്ങൾക്ക് കൊടുക്കുന്നു. അവർ $2\frac{1}{2}$ ശതമാനം പലിശക്ക് എടുത്തുകൊണ്ട് 11 ശതമാനത്തിന് കർഷകർക്കു കൊടുക്കുന്നു. സർ, മദ്ധ്യവർത്തികളെ ഒഴിവാക്കാൻവേണ്ടിയാണ് സഹകരണപ്രസ്ഥാനം ഈ രാജ്യത്ത് വളർത്തിയെടുത്തത്. നിക്കോളെസായിപ്പിന്റെ കാലത്ത്, ബ്രിട്ടീഷുകാരുടെ കാലത്ത് ഇൻഡ്യയിൽ നാട്ടുകോട്ടചെട്ടിമാരും ബോംബെയിലെ മാർവാടികളുമാണ് ഇത് കൈകാര്യം ചെയ്തിരുന്നതെങ്കിൽ ഇന്ന് ഈ സഹകരണപ്രസ്ഥാനം ജനങ്ങളാണ് കൈകാര്യം ചെയ്യുന്നത്. അവിടെയും വന്നിരിക്കുന്നു മദ്ധ്യവർത്തികൾ. 11ഡിസ്ട്രിക്ട് കോ-ഓപ്പറേറീവ് ബാങ്കുകൾ ഇന്ന് കൃഷിക്കാരെ ചൂഷണം ചെയ്യുന്ന സ്ഥാപനങ്ങളായി മാറിയിരിക്കുകയാണ്. കണക്കുകൾ നോക്കിയാൽ ബാങ്കു പ്രസിഡൻറും ഡയറക്ടർബോർഡു മെമ്പറന്മാരും ഒരു കെല്പും വങ്ങുന്ന ടി. എ. എത്ര ലക്ഷം രൂപാവരുമെന്നു മനസിലാക്കാൻ സാധിക്കും. ഇതൊന്നു പരിശോധിക്കേണ്ടതാണ്. ഈ ബാങ്കുകൾ ഇന്ന് സ്വയംപര്യാപ്തതയിൽ എത്തിയിരിക്കുകയാണ്. അതേസമയത്ത് 1954-ൽ ഡോക്ടർ ദത്ത ചെയർമാനായുള്ള കമ്മീഷൻ ഈ ത്രീ ടയർ ഒഴിവാക്കണമെന്ന് ഗവൺമെൻറിനോടു ശുപാർശ ചെയ്തിരുന്നു. എനിക്കുപറയാനുള്ളത് ഈ ഡിസ്ട്രിക്ട് കോ-ഓപ്പറേറീവ് ബാങ്കുകളെ സ്റേറററ് കോ-ഓപ്പറേറീവ് ബാങ്കിന്റെ ബ്രാഞ്ചുകളാക്കി മാറിയാൽ, കാർഷികമേഖലയിൽ കർഷകർക്ക് $9\frac{1}{4}$ ശതമാനത്തിനു നേരിട്ട് കൃഷിക്കാർക്ക് പണംകൊടുക്കാൻ കഴിയും. ഇന്നു ഗവൺമെൻറ് അനുവദിച്ചിരിക്കുന്ന കൃത്യമായി പണം തിരിച്ചടയ്ക്കുന്ന കൃഷിക്കാർക്കുള്ള 3 ശതമാനം പലിശ ഇളവുകൂടി ആകുമ്പോൾ $6\frac{1}{4}$ ശതമാനത്തിനു റിസർവ്വുബാങ്കിൽനിന്നും കിട്ടുന്ന പണം കൃഷിക്കാർക്കു കൊടുക്കാൻ കഴിയും.

അതുപോലെതന്നെ ഒറയിൽവേ ബഡ്ജറ് ഉണ്ടാക്കുന്നതുപോലെ ഈ കാർഷികമേഖലയെ രക്ഷിക്കാൻവേണ്ടി കാർഷികമേഖലക്ക് ഒരു പ്രത്യേക ബഡ്ജറ് ഉണ്ടാക്കുന്നതിനെപ്പറ്റി ചിന്തിക്കണമെന്ന് ഈ ഗവൺമെൻറിനോട് ഈ അവസരത്തിൽ പറയാൻ ഞാനാഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഞാൻ ഒന്നു ചോദിക്കട്ടെ, കോഫി ബോർഡ്, ടീ ബോർഡ്, കാർഡമം ബോർഡ്, റബ്ബർബോർഡ് ഇവ കുറഞ്ഞ പലിശയ്ക്ക് അതിലെ കൃഷിക്കാർക്ക് പണം കടംകൊടുക്കുന്നു. റബ്ബർബോർഡിനെ സംബന്ധിച്ചിടത്തോളം അഞ്ചു കൊല്ലം പലിശയില്ലാതെയും അഞ്ചുകൊല്ലം കഴിഞ്ഞതിനുശേഷം 6 ശതമാനംമുതൽ 9 ശതമാനംവരെ പലിശവച്ചും തിരിച്ചടയ്ക്കാൻ സൗകര്യമുണ്ട്. അതേസമയം ഏറ്റവും നഷ്ടം സഹിച്ചു നെൽകൃഷിചെയ്യുന്ന കാർഷികമേഖലയിൽ ഈടാക്കുന്ന ഭാരിച്ച പലിശ താങ്ങാൻ കൃഷിക്കാർ വളരെയധികം ബുദ്ധിമുട്ട് സഹിക്കുകയാണ്. അതുകൊണ്ട് ഗവൺമെൻറ് ഇതിനെപ്പറ്റി ഗൗരവപൂർവ്വം പര്യാലോചിക്കണമെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്.

സർ, ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കുകളെ സംബന്ധിച്ചിടത്തോളം അതിന്റെ മൂലധനത്തിൽ 50 ശതമാനം സ്റ്റേറ്റ് ഗവൺമെൻറ് കൊടുക്കുന്നതാണ്. ബാക്കിയുള്ളത് സ്വന്തം ഫണ്ടാണ്. സ്വന്തം ഫണ്ട് എന്നുപറയുന്നത് കാർഷികമേഖലയിലേക്ക് കൊടുക്കുമ്പോൾ പോലും തിരിച്ചടയ്ക്കുന്നകാര്യത്തിൽ ഡിഫാൾട്ടായി കഴിഞ്ഞാൽ 18 ശതമാനം വാങ്ങിക്കൊണ്ടിരുന്നത് ഇപ്പോൾ 14 ശതമാനമായി കുറഞ്ഞിട്ടുണ്ട്. എങ്കിൽപോലും സഹകരണ രംഗത്ത് ദത്തകമ്മിഷൻ പറയുന്നതനുസരിച്ച് 100 കോടി രൂപ നമുക്കു സമാഹരിക്കാൻ സാധിക്കും. അതുകൊണ്ട് കാർഷികരംഗത്ത് പലിശ കുറച്ചുകൊടുക്കുന്നതിന് ജില്ലാ ബാങ്കുകളെ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ബ്രാഞ്ചുകളാക്കി മാറ്റിയാൽ സാധിക്കും. മാത്രമല്ല ഗവൺമെൻറിന് കുറച്ചുകൂടി അധികാരം വരികയും അതിനകത്തു വരുന്ന അപാകതകൾ വേണ്ടസമയത്ത് നിയന്ത്രിക്കുന്നതിനും സാധിക്കും എന്നുള്ളത് ഒരു വസ്തുതയാണ്. അതുകൊണ്ട് അതിനെപ്പറ്റി ഗവൺമെൻറ് ഗൗരവപൂർവ്വം ആലോചിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് കർഷകർക്ക് പണം നേരിട്ടു കൊടുക്കുകയാണെങ്കിൽ പുറംരാജ്യങ്ങളിൽനിന്നും വരുന്ന പണം ഗവൺമെൻറ് സെക്യൂരിറ്റി കൊടുത്തുകൊണ്ട് സമാഹരിച്ച് കുറഞ്ഞ പലിശക്ക് കാർഷികമേഖലയിൽ വിതരണം ചെയ്യുകയാണെങ്കിൽ ഈ സഹകരണമേഖല അഭിവൃദ്ധിപ്പെടുത്താൻ സാധിക്കും; കാർഷികമേഖല അഭിവൃദ്ധിപ്പെടുത്താൻ സാധിക്കും.

അതുപോലെതന്നെ നമ്മുടെ രാജ്യത്ത് കാർഷികരംഗത്ത് ഇന്ന് ഒരു കൊക്കോ വിപ്ലവം നടന്നുകൊണ്ടിരിക്കുകയാണ്. രണ്ടു കൊല്ലത്തിനകത്ത് ഈ രാജ്യത്ത് ഉണ്ടാക്കാൻ കഴിയുന്നതിന്റെ പരമാവധി കൊക്കോ ഉല്പാദിപ്പിക്കാൻ സാധിക്കുന്നതാണ്. എന്നാൽ ഒരു ഫാക്ടറിയുണ്ടാക്കി ഇത് സംസ്കരിച്ച് ഇത് കയറ്റി അയക്കുന്നതിനുള്ള എന്തെങ്കിലും ഒരു നിർദ്ദേശം ഈ ബഡ്ജറ്റിൽ ഉണ്ടാകുമെന്ന് കാർഷികമേഖലയിലെ മുഴുവൻ ആളുകളും വിശ്വസിച്ചിരിക്കുകയായിരുന്നു. അതുകൊണ്ട് ഗവൺമെൻറ് ഇതിനെപ്പറ്റിയും കാര്യമായി ആലോചിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകുന്ന കൊക്കോ കയറ്റി അയക്കുന്നതിനും, കാർഷികരംഗത്ത് കർഷകർ പടിവാതിലിൽ മുട്ടി നെല്ലു കൊണ്ടുചെന്നു വിൽക്കുന്നതുപോലെ ഇതും വിൽക്കാൻ ഇടവരാതിരിക്കുന്നതിനുംവേണ്ടി ഒരു ഫാക്ടറി ഉണ്ടാകുന്ന കാര്യം ഗവൺമെൻറ് ചിന്തിക്കണമെന്ന് ഈ അവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്.

സർ, ഞാനവസാനിപ്പിക്കുകയാണ്. ഈ മൂന്നു ശതമാനം പലിശ ഇളവുചെയ്തുകൊടുക്കുന്നത് കാലാകാലങ്ങളിൽ തിരിച്ചടക്കുന്നവരെ അടയ്ക്കുന്നവർക്കു മാത്രമേ ഉള്ളൂ എന്നുള്ള കാര്യവും ഗവൺമെൻറ് ഒന്നു

LIBRARY ARCHIVES Kerala Legislative Assembly

കൂടി പരിഗണിക്കണമെന്ന് എനിക്ക് അഭിപ്രായമുണ്ട്. ചില കാലഘട്ടങ്ങളിൽ വെള്ളപ്പൊക്കവും വരൾച്ചയുംമൂലം കൃഷിനശിക്കുന്ന ആളുകൾക്കും ഈ ആനുകൂല്യം കൊടുക്കുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാകണം. മൊത്തമായി കൃഷിനഷ്ടപ്പെടുന്നവർക്കും കാലാകാലങ്ങളിൽ ഈ ഇളവ് ലഭ്യമാക്കാനും പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. സർ, ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽകൂടി ഞാൻ പിൻതാങ്ങുന്നു.

ശ്രീ. പി. ആർ. ഫ്രാൻസിസ്: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ (വോട്ട് ഓൺ അക്കൗണ്ട്) അനുകൂലിക്കുകയാണ്. സർ, വളരെ ഊറ്റംകൊണ്ടുതന്നെയാണ് ഈ ബില്ലിനെ അനുകൂലിക്കുന്നത്. അപ്പുറത്തുനിന്നും സംസാരിച്ച എന്റെ സ്നേഹിതൻ എം. കെ. കൃഷ്ണൻ പറഞ്ഞു, ഇതിൽ ഊറ്റംകൊള്ളേണ്ടെന്ന്. സർ, ഇങ്ങനെയുള്ള ഒരു ബഡ്ജറ്റ് അവതരിപ്പിച്ചതിൽ ഈ ഗവൺമെന്റിനെ പ്രത്യേകിച്ചും ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയും ഊറ്റംകൊള്ളുകയുമാണ് ചെയ്യുന്നത്. 19 ധനകാര്യമന്ത്രിമാരുടെ പ്രസംഗങ്ങളും ഞാൻ ഈ ഭാഗത്തും അപ്പുറത്ത് ഇരുന്നും കേട്ടിട്ടുണ്ട്. ഇങ്ങനെയുള്ള ഒരു ബഡ്ജറ്റ് ഈ രാജ്യത്തിലെ സാധാരണ ജനങ്ങൾക്ക്, കർഷകർക്ക്, പാവങ്ങൾക്ക്, കരയുന്നവർക്ക് അനുകൂലമായി അവതരിപ്പിച്ച് പാസ്സാക്കിയത് ഇതിനുമുമ്പ് ഞാൻ കണ്ടിട്ടില്ല. ചിലർ ഈ ബഡ്ജറിനെ എതിർക്കുന്നത് അപ്പുറത്തിരിക്കുന്നു എന്നുള്ളതുകൊണ്ടുമാത്രമാണ്. സർ, പത്തുകൊല്ലമായി തുടർച്ചയായ ഒരു ഗവൺമെന്റാണ് ഇവിടെ ഭരണം നടത്തുന്നത്. 1969 മുതൽ തുടർച്ചയായി ഒരു സർക്കാർ, അതും ഒരു കൂട്ടു മന്ത്രിസഭ ഇവിടെ ഭരണം നടത്തുകയെന്നുള്ളത് ഇൻഡ്യയിൽ എന്നു മാത്രമല്ല ലോകത്തെവിടത്തും ഉണ്ടായിട്ടില്ല. ഒരു പാർട്ടിയുടെ ഭരണം തന്നെ കാലാവധിവരെ എത്തിക്കാൻ സാധിക്കാത്ത ഒരു ലോകത്തും കാലത്തുമാണ് നമ്മൾ ജീവിക്കുന്നത്. നാലഞ്ച് കക്ഷികൾ കൂട്ടുകൂടിയുള്ള ഒരു മന്ത്രിസഭ, അതിൽ പലരും വിട്ടുപോകുന്നു, പലരും വരുന്നു എന്നുള്ളതല്ലാതെ അടിസ്ഥാനപരമായി മന്ത്രിസഭയിൽ മാറ്റമില്ല. അതുതന്നെ ലോകത്തിലെ ഏറ്റവും വലിയ അതിശയങ്ങളിൽ അതിശയമാണെന്ന് ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്തുകൊണ്ടാണ് ഈ സർക്കാരിന് ജനങ്ങൾ പിന്തുണ നൽകുന്നത് ? ഇവിടെ ബഡ്ജറിനെപ്പറ്റി വിമർശനം ഉണ്ടായി. ജനങ്ങൾ ബഡ്ജറിനെ വിമർശിക്കുന്നില്ല. അപ്പുറത്തിരുന്നുകൊണ്ട് പ്രതിപക്ഷങ്ങൾ ഇതിനെ വിമർശിക്കുകയാണ്. പത്രങ്ങളിൽ ബഹുഭൂരിപക്ഷം ഈ ബഡ്ജറിനനുകൂലമായി മുഖപ്രസംഗങ്ങൾ എഴുതി. സൃഷ്ടിപരമായി വിമർശനം നടത്തുന്ന കേരളത്തിലെ പത്രങ്ങൾ ഈ ബഡ്ജറിനെ അനുമോദിക്കുകയും അഭിനന്ദിക്കുകയും ചെയ്തുകൊണ്ട് മുഖപ്രസംഗങ്ങൾ എഴുതി. അങ്ങനെയുള്ള ഒരു ബഡ്ജറിനെ വിമർശിക്കുന്നത് കൊതിക്കെറുവുകൊണ്ടല്ലാതെ മറ്റൊന്നുംകൊണ്ടല്ലെന്നുമാത്രമേ ഈയവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. കൊതി, അസൂയ എന്നുപറയുന്നത് സൃഷ്ടിയുടെ ആരംഭം മുതൽ ഉള്ളതാണ്. ദൈവം മാലാഖമാരെ സൃഷ്ടിച്ചപ്പോഴുംതന്നെ അതിൽ ഒരു വിഭാഗം പിശാചുക്കളായി മാറി. എന്തുകൊണ്ട് ? ദൈവത്തെപ്പോലെയാകാൻ സാധിച്ചില്ല എന്നതുകൊണ്ടുതന്നെ. അതുകഴിഞ്ഞ് ലോകത്ത് മനുഷ്യരെ സൃഷ്ടിച്ചു. രണ്ടുപേരെയാണ് സൃഷ്ടിച്ചത് ; ആദത്തേയും ഹവ്വായെയും. ഹവ്വാ ദൈവത്തെപ്പോലെ ആകും, ആകണം എന്നുപറഞ്ഞ് പിശാച് പഴം ഭക്ഷിക്കാൻ പറഞ്ഞപ്പോഴും, പഴം ഭക്ഷിച്ച അന്നുമുതൽ മനുഷ്യനു ശാപമുണ്ടായി. അധികാരമോഹംകൊണ്ടും കൊതികൊണ്ടും

LIBRARY ARCHIVES Kerala Legislative Assembly

അസൂയകൊണ്ടും മാത്രമാണ്. അവർ ഈ ബഡ്ജറ്റിനെ എതിർക്കുന്നത്. ദേവസ്സിക്കുട്ടി ഉൾപ്പെടെയുള്ള പ്രതിപക്ഷത്തോട് ചോദിക്കാനുള്ളതും അതാണ്. അധികാരത്തിന്റെ കൊതിക്കെറുവുകൊണ്ടല്ലാതെ എന്തുകൊണ്ടാണ് നിങ്ങൾ എതിർക്കുന്നത് ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: എനിക്ക് ഒരു കൊതിയുമില്ല.

ശ്രീ. പി. ആർ. ഫ്രാൻസിസ്: 1970 മുതൽ ദേവസ്സിക്കുട്ടി ഈ ഭാഗത്തിരുന്നു. ദേവസ്സിക്കുട്ടിയുടേയും ഞങ്ങളുടേയും നേതാവായ കരുണാകരൻ മന്ത്രിസഭയിൽ വന്നപ്പോൾ ദേവസ്സിക്കുട്ടിയെ എടുത്തില്ല. പകരം കെ.ടി. ജോർജ്ജിനെ എടുത്തു. ജോർജ്ജ് മരിച്ചപ്പോൾ മാണിയെ എടുത്തു. വീണ്ടും തിരഞ്ഞെടുപ്പ് നടത്തി വന്നപ്പോൾ ഉമ്മൻചാണ്ടിയെ എടുത്തു. ദേവസ്സിക്കുട്ടിയെ എടുക്കണമെന്ന് എന്നെപ്പോലെയുള്ളവർക്ക് ആഗ്രഹമുണ്ടായിരുന്നെങ്കിലും നേതാവ് എടുത്തില്ല. അതുകഴിഞ്ഞ് വീണ്ടും തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ഉമ്മൻചാണ്ടിയെ എടുത്തു. അതു കഴിഞ്ഞപ്പോൾ സ്പ്ലിറ്റായി. ഹവ്വായാണ് മനുഷ്യവംശത്തെ പിഴപ്പിച്ചത്. നമ്മളെല്ലാം ആരാധിച്ചിരുന്ന ഇന്ദിരാഗാന്ധി, 94 കൊല്ലത്തെ പഴക്കമുള്ള ഇൻഡ്യൻ നാഷണൽ കോൺഗ്രസ് വിട്ടുപോയി. അധികാരമോഹംകൊണ്ട് മറെറാരു പാർട്ടി ഉണ്ടാക്കി; ദേവസിക്കുട്ടി അതിലേക്ക് പോയി. അതിന്റെ ഫലമായി ഭരണം കിട്ടാത്തതുകൊണ്ട് മാത്രമല്ലാതെ എന്തുകൊണ്ടാണ് ഇതിനെ എതിർക്കുന്നതെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല.

സർ, എന്റെ സ്നേഹിതൻ ബാലൻ സംസാരിച്ചപ്പോൾ പറഞ്ഞു മുടിയനായ പുത്രന്റെ ബഡ്ജറ്റാണിതെന്ന്. സർ, മുടിയനായ പുത്രന്റെ കഥ ഞങ്ങൾ പഠിച്ചിട്ടുണ്ട്, ഒരു തറവാട്ടിലുള്ള രണ്ടു മക്കൾ സുഖസമൃദ്ധമായി ജീവിച്ചുവരവേ മൂത്തമകൻ പിതാവിനോട് വീതവും വാങ്ങി വേശ്യാലയങ്ങളിലും മദ്യഷാപ്പുകളിലും മറ്റും പോയി ധനം ധൂർത്തടിച്ച് ജീവിക്കാൻ തുടങ്ങി. അങ്ങനെ അവസാനമായപ്പോൾ അയാൾ ഒരു മുതലാളിയുടെ വീട്ടിൽ പന്നിയെ വളർത്താനായി നിന്നു. പന്നികൾക്കുള്ള ഭക്ഷണംപോലും കിട്ടാതായ അയാൾ അവസാനം പിതാവിന്റെ അടുക്കൽ മടങ്ങിപ്പോകാൻ തീരുമാനിക്കുകയും പോകുകയും ചെയ്തു. അതുപോലെ അപ്പുറത്തുള്ളവരും മടങ്ങിവരും എന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ഇത്രയധികം ജനോപകാരപ്രദമായ ഒരു ബഡ്ജറ്റിനെ അധികാരമോഹംകൊണ്ടും കൊതിക്കെറുവുകൊണ്ടും അസൂയകൊണ്ടുമാണ് എതിർക്കുന്നത്. സർ, സാധാരണ പറയാറുണ്ട് ആടിനെ പട്ടിയാക്കുന്നു എന്ന്. അതുപോലെ പ്രചരണങ്ങളും നുണപ്രചരണങ്ങളുമൊക്കെ അഴിച്ചുവിടുകയാണ് ചെയ്യുന്നത്. മനുഷ്യനെ പട്ടി കടിക്കുന്നത് ഒരു ന്യൂസല്ല. എന്നാൽ മനുഷ്യൻ പട്ടിയെ കടിക്കുന്നത് ഒരു ന്യൂസാണ്. അതുപോലെ ന്യൂസിനുവേണ്ടി ഇവിടെ ദേവസ്സിക്കുട്ടി പലതും ചെയ്യുന്നുണ്ട്. അതൊന്നും ന്യൂസ് അല്ല എന്നുമാത്രം പറഞ്ഞുകൊണ്ടും ഈ ധനവിനിയോഗബില്ലിനെ അനുകൂലിച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ എതിർക്കുകയാണ്. ഇതെപ്പറ്റി സംസാരിക്കുമ്പോൾ ഇതിനാധാരമായ ബഡ്ജറ്റിനെപ്പറ്റി പ്രതിപാദിക്കുക എന്നത് പ്രസക്തമാണെന്നാണ് ഞാൻ കരുതുന്നത്. ഈ ബഡ്ജറ്റ് ഒരു ക്ഷേമാധിഷ്ഠിത ബഡ്ജറ്റ് ആണെന്ന് വിശേഷിപ്പിക്കുന്നത് കേട്ടു. ഒരു ക്ഷേമാധിഷ്ഠിത ബഡ്ജറ്റ് ആണെന്ന് പറയുന്നതായിരിക്കും നല്ലതെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് തോന്നുന്നത്. ദാഹിച്ച വെള്ളം കൊടുക്കാത്തവർ എന്ന് നാട്ടിലൊക്കെ ഒരു ചൊല്ലുണ്ട്. പക്ഷേ അത് അവർക്കൊരു ഭൂഷണമാണെന്ന് തോന്നുന്നില്ല. വളരെയധികം ആളുകൾക്ക് വെള്ളം കുടിക്കാനില്ലെന്ന ബുദ്ധിമുട്ടിനെപ്പറ്റി സംസ്ഥാനത്ത് പല പ്രാവശ്യം പറഞ്ഞുകേട്ടിട്ടുള്ളതാണ്. ഈ നിയമസഭ തുടങ്ങിയ കാലം മുതൽ അതെപ്പറ്റി പറഞ്ഞിട്ടുമുണ്ട്. ഈ പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ പണം സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും എടുക്കുന്നതിനുള്ള ഒരു വാട്ടർബോർഡ് ഉണ്ടാകാത്തതാണ് ഇതിന് താമസമെന്നാണ് അറിയുന്നത് അത് മറാരുടെയും കുറ്റം കൊണ്ടല്ല ഈ ഗവൺമെന്റ് അതിന് തുനിയാത്തതുകൊണ്ടാണ്. ആളില്ലാത്തതു കൊണ്ടോ അർത്ഥമില്ലാത്തതുകൊണ്ടോ അല്ല മനസ്സില്ലാത്തതു കൊണ്ടുതന്നെയാണ്. എന്റെ നിയോജക മണ്ഡലത്തിൽ മൂന്നു വർഷമായി വെള്ളത്തിന് ക്ഷാമം അനുഭവപ്പെടുകയാണ്. പദ്ധതികൾ പലതുണ്ട്, പക്ഷേ അത് നടപ്പാക്കുന്നില്ല.

മറെറാന്ന് വിദ്യാഭ്യാസത്തിന്റെ കാര്യം. നേരത്തെ പല സുഹൃത്തുക്കളും പറഞ്ഞതാണ്. വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കുന്ന തുക വർദ്ധിച്ചുവരുന്നുവെങ്കിലും ആവശ്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ ശതമാനത്തിൽ കുറവാണ്. പല സ്കൂളുകളിലും കുട്ടികൾ വൃക്ഷച്ചുവട്ടിലിരുന്നു പഠിക്കുന്നത് കാണാം. കെട്ടിടങ്ങളില്ല. ഉള്ള കെട്ടിടങ്ങൾതന്നെ അപകടകരമായ സ്ഥിതിയിലാണ് നിലകൊള്ളുന്നത്. കെട്ടിടങ്ങളുള്ള സ്കൂളുകളിൽ കുട്ടികളെ പറഞ്ഞയയ്ക്കുന്ന മാതാപിതാക്കൻമാർ വളരെ ആശങ്കയോടുകൂടിയാണ് കഴിയുന്നത്. കെട്ടിടങ്ങൾ പണിയുന്നതിന് വകകൊള്ളിച്ചിട്ടില്ല. എന്നാൽ അതേ സമയം ഗവൺമെന്റ് സ്വകാര്യ മേഖലയിൽ സ്കൂളുകൾ അനുവദിക്കുകയാണ് ചെയ്യുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ മൂന്ന് മൈലോളം നടന്നുചെന്ന് പ്രാഥമിക വിദ്യാഭ്യാസം നടത്തേണ്ട വിഷമസ്ഥിതിയാണ് പിഞ്ചുകുഞ്ഞുങ്ങൾക്ക് ഉള്ളത്. അവിടെ ഒരു സ്കൂൾ അനുവദിക്കുന്ന കാര്യം വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ സർവ്വേയിലും ഉണ്ടായിരുന്നു. പക്ഷേ ഇപ്പോൾ അവിടെ സ്കൂൾ അനുവദിച്ചു കാണുന്നില്ല. അതേസമയം രണ്ട് എൽ. പി. എസ്. ഉള്ളിടത്ത്, എൽ. പി. എസും ഒരു ഹൈസ്കൂൾ ഉള്ളിടത്ത് ഹൈസ്കൂളുമൊക്കെ അനുവദിച്ചിരിക്കുകയാണ്. ഏത് രീതിയിലുള്ള ധനവിനിയോഗമാണ് ഇതെന്ന് നമുക്കൊക്കെ അറിയാം. മാനേജർമാർ പുതിയ സ്കൂളുകൾ സൃഷ്ടിച്ചുണ്ടാക്കും. അവിടെയൊക്കെ നിയമിക്കുന്ന ആളുകൾക്ക് ജോലിയില്ലാതായാൽ അവരെ പ്രൊട്ടക്ടഡ് ടീച്ചേഴ്സായി കരുതി ജോലിനൽകേണ്ട ബാധ്യത ഗവൺമെന്റിന് വരുന്നു. അതാണ് അവസ്ഥ.

ഇനി വ്യവസായങ്ങളുടെ സ്ഥിതി നോക്കാം. വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണണമെങ്കിൽ തീർച്ചയായും കൂടുതൽ വ്യവസായങ്ങൾ ഉണ്ടാകണം. സാങ്കേതിക വിദ്യാഭ്യാസം സിദ്ധിച്ച ആളുകളെ സംഘടിപ്പിച്ച് അവരുടെ സാമ്പത്തിക ശേഷിക്കുറവിനെ ആധാരമാക്കി കൊണ്ട് ചില സഹകരണസ്ഥാപനങ്ങൾ കഴിഞ്ഞ കൊല്ലം സംഘടിപ്പിച്ചു. അവർ ഇന്ന് വളരെ ബുദ്ധിമുട്ടുകയാണ്. സർ, ഇന്ന് തൊഴിലില്ലായ്മ വേതനം കൊടുക്കുന്നുണ്ട്. എന്നാൽ ഇത്തരം സ്ഥാപനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ എന്തെങ്കിലും മാർഗ്ഗം കണ്ടിട്ടുണ്ടോ? അതുപോലെതന്നെ എന്റെ പ്രദേശത്തുള്ള ഒരു കാര്യം. എഞ്ചിനീയറിംഗ് ഡിപ്ലോമയും ഡിഗ്രിയും ഐ.ടി.ഐ. യുമൊക്കെ പാസ്സായ ആളുകളെ സംഘടിപ്പിച്ചുകൊണ്ട് ഒരു സ്ഥാപനം നടത്തി. ഇന്ന് ആ സ്ഥാപനവും വളരെയേറെ

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. നമ്മുടെയൊക്കെ പ്രേരണകൊണ്ട് ഇത്തരം സ്ഥാപനങ്ങളിലേയ്ക്ക് വരുന്നവരാണ് ഇവർ. തൊഴിൽ കിട്ടുമെന്നും ജീവിനന്നാകുമെന്നും വിചാരിച്ച് ഇത്തരം സ്ഥാപനങ്ങളിലേക്ക് വരുന്ന ആളുകൾക്ക് താങ്ങായി നിൽക്കുന്നതിന് എന്തെങ്കിലുമൊരു പദ്ധതി ഗവൺമെൻറ് കൊണ്ടുവന്നിട്ടുണ്ടോ? ഇല്ല. ഇതൊക്കെ പറയുമ്പോൾ എതിർക്കുന്നതിനുവേണ്ടി എതിർക്കുന്നു എന്നാണ് അപ്പുറത്തുള്ളവർ പറയുന്നത്. ഈ പറയുന്നതിൽ എന്തെങ്കിലും ആക്ഷേപിക്കാനുള്ള കാര്യമുണ്ടോ? അതു പോലെതന്നെ വളരെയധികം കൊട്ടിഘോഷിച്ച് തുടങ്ങിയതാണ് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ. അവിടെ പ്രവർത്തിക്കുന്നതിനു വേണ്ടി വന്ന ആളുകളുടെ സ്ഥിതി എന്താണ്? അവരൊക്കെ ഇന്ന് വളരെ കഷ്ടപ്പെടുന്നു. മുൻവ്യവസായ മന്ത്രിയുടെ ഒരു പ്രസ്താവനയും പത്രത്തിൽ വായിച്ചു. മറ്റൊന്നുമല്ല, ഇവർക്ക് ചെലവായ പണം തിരികെ കൊടുക്കാമെന്നാണ് പറയുന്നത്. വളരെ രസകരമായി തോന്നുന്നു സർ ഇത്. നമുക്ക് കയറാനുള്ള ബസ്സില്ലാത്തതിനാൽ വളരെയെറെനേരം നിൽക്കുമ്പോൾ ചിലർ നമ്മെ വിളിച്ചു ബസ്സിൽകയറി കൊണ്ടുപോകും. പകുതി വഴിക്കു ചെല്ലുമ്പോൾ ബസ് ബ്രേക്ക്ഡൗൺ ആയാൽ ടിക്കറിന്റെ ബാക്കിപൈസയും തന്ന് തിരികെ വിടുന്ന ഏർപ്പാടു പോലെയിരിക്കുന്നു ഇത്. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി എന്ത് രീതിയിൽ ഫലപ്രദമായി നടത്തിക്കൊണ്ടുപോകുമെന്നതിനെപ്പറ്റി ആലോചിക്കേണ്ടതേ ഗവൺമെൻറിന്റെ ബാധ്യതയാണ്. സർ, പെൻഷൻ വർദ്ധിപ്പിച്ചു, 70, 100 ആക്കി. അതൊന്നും ഞങ്ങൾ കാണാതിരിക്കുന്നില്ല. അത്തരം കാര്യങ്ങളെപ്പറ്റിയൊന്നും പരാമർശിക്കുന്നില്ല എന്നാണ് പറയുന്നത്. വളരെ വിചിത്രമായിരിക്കുന്നു സർ. ഞാനൊന്നു ചോദിക്കട്ടെ, ഒരു ചുമരിൽ ഒരു അശ്ലീലചിത്രം കണ്ടാൽ അത് മായ്ച്ചുകളയേണ്ടത് നമ്മുടെ കടമയാണ്. അത് മായ്ക്കുന്നതിനുവേണ്ടി വൈറ്റ്വാഷ് ചെയ്യണമെന്ന് പറയുമ്പോൾ ആ ചിത്രത്തിനടിയിൽ 'പുകവലി ആരോഗ്യത്തിന് ഹാനികരമാണ്' എന്നെഴുതി വച്ചിരിക്കുന്നതുകൊണ്ട് മായ്ക്കരുതെന്ന് പറഞ്ഞാൽ പറ്റുമോ? അത് മായ്ച്ചുകളയുകതന്നെ വേണം. ചില കാര്യങ്ങൾ നല്ലതാണെങ്കിൽ വളരെയധികം ചീത്തക്കാര്യങ്ങളുണ്ട്, അത് എഴുത്തു പറയാതിരിക്കാൻ നിവൃത്തിയില്ല എന്നാണ് പറയുന്നത്. അങ്ങനെ നോക്കുമ്പോൾ ജനങ്ങളുടെ പ്രതീക്ഷയ്ക്ക് വിപരീതമായി, കേവലം പ്രചരണപരമായ കാര്യങ്ങൾക്കുമാത്രം നേതൃത്വം കൊടുക്കാനുദ്ദേശിച്ച് കൊണ്ടുവന്നിട്ടുള്ളതാണ് ഈ ധനവിനിയോഗബിൽ എന്നുള്ളതുകൊണ്ടാണ് ഇതിനെ എതിർക്കുന്നത്.

ശ്രീ. എ. വി. താമരാക്ഷൻ: സർ, വികസന പ്രവർത്തനങ്ങൾക്കും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും കൂടുതൽ ധനം വിനിയോഗിക്കുന്നതിനുള്ള ഈ ബില്ലിനെ ഞാൻ പിന്താങ്ങുകയാണ്. സർ, വികസന രംഗത്ത് പുതിയ ഒരു സമീപനം സ്വീകരിച്ചിരിക്കുന്ന നമ്മുടെ സംസ്ഥാന ഗവൺമെൻറ് ഇന്ന് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ വികസനം ആവശ്യമായ ഫിഷറീസ് രംഗത്ത് ഒരു സമഗ്രമായ ഫിഷറീസ് വികസന പദ്ധതിക്ക് രൂപം കൊടുത്തു നടപ്പിലാക്കുന്നതിന് ശക്തമായ നടപടികളും സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയാണ്. സർ, ഇന്ന് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ വികസന സാദ്ധ്യതയുള്ള ഫിഷറീസ് ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനങ്ങളും നാം ആഗ്രഹിക്കുന്ന നിലയിൽ മുന്നോട്ട് പോകുന്നില്ലായെന്നു കാണാൻ സാധിക്കും. ഏറ്റവും കൂടുതൽ വികസന സാദ്ധ്യത

LIBRARY ARCHIVES Kerala Legislative Assembly

യുള്ള ഈ രംഗത്ത് സംസ്ഥാനഗവൺമെന്റ് വളരെ മുൻകരുതലോടുകൂടി പരിപാടികളും ആവിഷ്കരിച്ച് നടപ്പാക്കേണ്ടിയിരിക്കുന്നു. വേൾഡ് ബാങ്കിൽ നിന്നോ അതുപോലെയുള്ള സാമ്പത്തിക ഏജൻസികളിൽ നിന്നോ സഹായം ഈ രംഗത്ത് ഉപയോഗപ്പെടുത്തി പുതിയ ഒരു സമീപനം ആവിഷ്കരിച്ച് ഈ രംഗത്ത് നടപ്പാക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇന്ന് ആ രംഗത്തെ പ്രവർത്തനം നിരാശാജനകവും ആശങ്കാജനകവും ആണെന്ന് പറയാൻ മടിക്കുന്നില്ല. 1973 മുതലുള്ള നമ്മുടെ ഈ രംഗത്തെ പ്രവർത്തനങ്ങളും പരിശോധിച്ചുകഴിഞ്ഞാൽ ആരെയും ഞെട്ടിപ്പിക്കുന്ന തരത്തിലുള്ളതാണ് ആ രംഗം എന്ന് കാണാൻ കഴിയും. 1973 മുതൽ നമ്മുടെ കടലിൽ ഉള്ള മൽസ്യസമ്പത്തിന്റെ ഉൽപ്പാദനം വളരെ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇന്നും അതിന്റെ കാരണങ്ങളെക്കുറിച്ച് കാരണം കണ്ടുപിടിക്കാൻ വിദഗ്ദ്ധൻമാർക്കു പോലും കഴിഞ്ഞിട്ടില്ല. 1973-ൽ 4.48 ലക്ഷം ടൺ മൽസ്യം ഉൽപ്പാദിപ്പിച്ചുവെങ്കിൽ 74-ൽ അത് 4.2 ലക്ഷം ടൺ ആയികുറഞ്ഞു. 1975-ൽ അത് 4.2 ലക്ഷം ടൺ ആയി. 1976-ൽ 3.29 ലക്ഷം ടൺണും 1977-ൽ അത് 3.45 ലക്ഷം ടൺണും 1978-ൽ 2.56 ലക്ഷം ടൺണും ആയി കുറഞ്ഞു. ഇങ്ങനെ നമ്മുടെ മൽസ്യസമ്പത്തിന്റെ ഉൽപ്പാദനം ഗണ്യമായി കുറഞ്ഞു വരികയാണ്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഏഴായിരം (7000) യന്ത്രവൽകൃത ബോട്ടുകളും ഒരു ലക്ഷത്തിൽപരം നാടൻ വള്ളങ്ങളും മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നു. 1973-ന് ശേഷം കൂടുതൽ യന്ത്രവൽകൃത ബോട്ടുകളും വന്നതിന്റെ ഫലമായിട്ടാണോ എന്തോ മൽസ്യസമ്പത്ത് ഗണ്യമായി കുറഞ്ഞിരിക്കുന്നു. നാടൻ വള്ളങ്ങളിൽ പണിയെടുക്കുന്ന മൽസ്യത്തൊഴിലാളികൾക്ക് അവരുടെ നിത്യവൃത്തിക്കുപോലും ഉള്ള വരുമാനം ഇന്ന് കിട്ടുന്നില്ല. സമാധാനപരമായ അന്തരീക്ഷം നിലനിന്നിരുന്ന കടലോരപ്രദേശങ്ങളിൽ ഇന്ന് യന്ത്രവൽകൃത ബോട്ടുകളും നാടൻ വള്ളങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളും തമ്മിൽ സംഘട്ടനം നടക്കുകയാണ്. ഒട്ടനവധി ആളുകൾ മരിച്ചിട്ടുണ്ട്. യന്ത്രവൽകൃത ബോട്ടുകൾ വന്നതിന്റെ ഫലമായി മൽസ്യോൽപാദനം വളരെയധികം കുറഞ്ഞതു കാരണം അവരുടെ നിത്യജീവിതത്തിൽ വരുമാനം കുറഞ്ഞു എന്ന് മനസ്സിലാക്കണം. യന്ത്രവൽക്കരണത്തിന് ആരും എതിരല്ല. മനുഷ്യന്റെ അദ്ധ്വാനം കൊണ്ട് ചെന്നെത്താൻ കഴിയാത്ത മേഖലയിൽ ആണ് യന്ത്രവൽക്കരണബോട്ടുകൾ ഉപയോഗിക്കേണ്ടത്. നാടൻ വള്ളങ്ങൾ ഓപ്പറേറ്റ് ചെയ്യുന്ന, തീരപ്രദേശത്തുനിന്നും പത്തു കിലോമീറ്റർ വരെയുള്ള സ്ഥലത്ത് യന്ത്രവൽകൃതബോട്ടുകൾ കടന്നുവരാതെയിരിക്കുന്നതിനുള്ള നിയമനിർമ്മാണം ഉണ്ടാകണം. ഇന്ന് നമ്മുടെ സംസ്ഥാനത്ത് ലഭ്യമാകുന്ന മൽസ്യസമ്പത്തിന്റെ 70 ശതമാനവും പിടിക്കുന്നത് നാടൻ വള്ളങ്ങൾ മുഖേനയാണ്. കേന്ദ്രഗവൺമെന്റ് ഒരു മറൈൻ ബിൽ അവതരിപ്പിക്കുന്നതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാന ഗവൺമെന്റ് പരമ്പരാഗതമായി മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന ലക്ഷക്കണക്കായ ആളുകളുടെ താത്പര്യം കണക്കിലെടുത്തുകൊണ്ട് മറൈൻ ബിൽ അവതരിപ്പിക്കുന്ന അവസരത്തിൽ ഈ പരമ്പരാഗതമായി മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുന്നവിധത്തിലുള്ള നിർദ്ദേശങ്ങൾ കേന്ദ്രഗവൺമെന്റിൽ സമർപ്പിക്കണം. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വികസനം ആഗ്രഹിക്കുന്ന ഈ ഫിഷറീസ് മേഖലയിൽ സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് വേൾഡ് ബാങ്കിൽനിന്നും മറ്റു സാമ്പത്തിക ഏജൻസികളിൽനിന്നും സാമ്പത്തിക സഹായം നേടി അവ നടപ്പാക്കുന്നതിന് അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകൂടി ചെയ്തുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും മുഖമുദ്രയായി സ്വീകരിച്ച ഒരു ഗവൺമെന്റിന്റെ വികസന പദ്ധതികൾക്കുവേണ്ട ചെലവിനങ്ങൾക്കുവേണ്ടി ഈ ധനവിനിയോഗ ബില്ല് പാസാക്കേണ്ടതാണ്, കേരളത്തിലെ ജനങ്ങളുടെ ക്ഷേമൈശ്വര്യം കാംക്ഷിക്കുന്ന ഉത്തരവാദിത്ത ബോധമുള്ള ഈ സഭയിലെ അംഗങ്ങളുടെ കർത്തവ്യം ആണെന്നുകൂടി പറയാൻ ആഗ്രഹിക്കുകയാണ്.

ഈ ബില്ലിനെ സംബന്ധിച്ചുചർച്ചയിൽ എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. എം. കെ. കൃഷ്ണൻ പരാമർശിച്ച സംഭവവികാസങ്ങളും ഈ സഭയിൽ ഉണ്ടായപ്പോൾ വിനീതനായ ഞാനും ഈ സഭയിലെ അംഗമായിരുന്നു. എന്തിനാണ് സർ, ഇവിടെ ശ്രീ. വെല്ലിംഗ്ടണ് എതിരായി ഒരു പ്രമേയം പാസാക്കാൻ ഈ സഭ ഒരുങ്ങിയത്? അന്നത്തെ ആരോഗ്യ മന്ത്രി ശ്രീ. വെല്ലിംഗ്ടന്റെ പേരിലുണ്ടായിരുന്ന അഴിമതി ആരോപണങ്ങളെപ്പറ്റി അന്വേഷണം നടത്തണമെന്ന് അന്നത്തെ സപ്തകക്ഷി മുന്നണിയിൽ ഉണ്ടായിരുന്ന ഘടകകക്ഷികളും നിർബന്ധപൂർവ്വം പറഞ്ഞപ്പോൾ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന, കൃഷ്ണന്റെ ബഹുമാനപ്പെട്ട നേതാവ്, ശ്രീ ഇ.എം. എസ്. നമ്പൂതിരിപ്പാട് അതിന് വഴങ്ങാതെയിരുന്നത് ശരിയായിരുന്നോ, സർ? കേരളത്തിലെ ഉദ്ഗ്രഥനവാന്മാരായ രാഷ്ട്രീയ നേതാക്കളിൽ ഒരാളായിരുന്ന ഞങ്ങളുടെ നേതാവ് സെയ്തു അബദുറഹിമാൻ ബാഫക്കിതങ്ങളും അടക്കം ഉള്ള നേതാക്കൻമാർ ആ ആവശ്യം അംഗീകരിക്കണമെന്നു പറഞ്ഞപ്പോൾ മാർക്സിസ്റ്റ് പാർട്ടി മാത്രം അതിനെ എതിർത്തത് ശരിയായിരുന്നോ, സർ? എന്നിട്ടു ഈ സഭ ആ പ്രമേയം പാസാക്കി. ഹൈക്കോടതി ജഡ്ജി ഗോവിന്ദമേനോനെ കമ്മീഷനായി നിയമിച്ചു. വെല്ലിംഗ്ടന്റെ പേരിലുള്ള ആരോപണങ്ങളെക്കുറിച്ച് അന്വേഷണം നടത്തി. ആരോപണങ്ങളിൽ പലതും സത്യം ആണെന്ന് റിപ്പോർട്ടും വന്നു. ശ്രീ കൃഷ്ണന്റെ ശുദ്ധയിൽപ്പെടാത്ത ഒന്നുരണ്ടുകാര്യങ്ങളും ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. 1969 ഒക്ടോബർ മാസം 17-ാം തീയതി വെള്ളിയാഴ്ച ഈ സഭയിൽ നടന്നത് എന്താണ്? ഈ സഭയിലെ രണ്ടു ബഹുമാനപ്പെട്ട അംഗങ്ങളെകൂടി ആയിരുന്ന കേരളത്തിന്റെ പ്രഗത്ഭ പുത്രന്മാരായ ശ്രീ. എം. എൻ. ഗോവിന്ദൻ നായരെ സംബന്ധിച്ചും ശ്രീ. ടി. വി. തോമസ്സിനെ സംബന്ധിച്ചും അതുപോലെ തന്നെ മറ്റൊരു മന്ത്രിയെ സംബന്ധിച്ചും അന്വേഷണോത്തരവു പാസാക്കുന്ന പ്രമേയം അന്നത്തെ മുഖ്യമന്ത്രി ഈ സഭയിൽ അവതരിപ്പിച്ചത് മറ്റു ഘടകകക്ഷികളുടെ സമ്മതത്തോടുകൂടി ആയിരുന്നോ? എന്നിട്ട് മുള്ളാകമ്മീഷനെക്കൊണ്ട് ഇതേപ്പറ്റി അന്വേഷണം നടത്തിയപ്പോൾ യാതൊരു കഴമ്പും ഇല്ല എന്ന് തെളിയിക്കപ്പെട്ടില്ലേ? ഈ കാര്യങ്ങളെല്ലാം ഈ സന്ദർഭത്തിൽ അയവിറക്കാൻ എന്നെ നിർബന്ധിതനാക്കിയത് ഒട്ടും ശരിയായില്ല എന്നാണ് ബഹുമാനപ്പെട്ട കൃഷ്ണനോട് എനിക്ക് പറയുവാനുള്ളത്. 1967-ലെ അനുഭവം ആയിരുന്നില്ല 1970-ൽ ഉണ്ടായിരുന്നത്. അന്നു ഇവിടെ തെരഞ്ഞെടുപ്പ് നടന്നപ്പോൾ മാർക്സിസ്റ്റ് പാർട്ടിയുടെ എതിർപ്പ് ഉണ്ടായിട്ടും. ആ മുന്നണി വിജയിച്ചില്ലേ? 1977-ൽ ഉണ്ടായ അനുഭവം അതല്ലേ? ബഹുമാനപ്പെട്ട കൃഷ്ണൻ വൈക്കം ബഷീറിന്റെ ഒരു കഥാപാത്രത്തെ അവതരിപ്പിക്കുകയുണ്ടായി, എനിക്ക് വിനയപൂർവ്വം പറയാനുള്ളത്, ആ കഥാപാത്രത്തിന്റെ രോമം അഭിനയിക്കാൻ പറ്റിയ കക്ഷി ഏതാണെന്ന് സ്വയം ആലോചിച്ചാൽ മതി എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെൻറിന്റെ ശ്രദ്ധയിൽ ഒന്നുരണ്ടു കാര്യങ്ങളം പറയുവാനുണ്ട്. കശുവണ്ടിക്ക് വില വർദ്ധിപ്പിക്കുകയില്ല എന്ന ഈ ഗവൺമെൻറിന്റെ നിലപാട് ഒന്നു പുനഃപ്പരിശോധിച്ചാൽ കൊള്ളാമെന്ന അഭിപ്രായം എനിക്കുണ്ട്. കർഷകർക്ക് വളരെ വിഷമതകരം ഉണ്ട്. കശുവണ്ടി മുതലാളിമാർ കുറഞ്ഞ വില വേണമെന്നു കൊല്പത്ത് പറയുകയും വലിയ വിലകൊടുത്ത് കണ്ണൂരിൽനിന്ന് തോട്ടണ്ടി വാങ്ങുകയും ചെയ്യുന്ന സന്ദർഭത്തിൽ സ്വാഭാവികമായും കശുവണ്ടി കൃഷിക്കാർക്ക് പ്രതിഷേധം ഉണ്ടാകും. കശുവണ്ടി കൃഷിക്കാർ വളരെയധികം പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന ആളുകളാണ്. അതുകൊണ്ട് കശുവണ്ടിയുടെ വില വർദ്ധിപ്പിക്കാൻ ഗവൺമെൻറ് മുന്നോട്ടു വരണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഗവൺമെൻറ് കണ്ണൂർ ജില്ലയിലെ കൃഷിക്കാരുടെ വിഷമതകരം പരിഗണിക്കുകയും അത് തികച്ചും ശരിയാണെന്ന് മനസ്സിലാക്കുകയും ചെയ്തുകൊണ്ട് കശുവണ്ടിയുടെ വില വർദ്ധിപ്പിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഒന്നുകൂടി അനുകൂലിക്കുന്നു.

ശ്രീ. സി. എം. സുന്ദരം ; സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. ഈ ബില്ലിനെ അനുകൂലിക്കാനുള്ള പ്രത്യേക കാരണം, സാമൂഹ്യപരമായും വികസനപരമായും വളരെയേറെ പരിപാടികളം ഈ ബഡ്ജറിൽ ഉള്ളത് നടപ്പാക്കാൻ വേണ്ടി അവതരിപ്പിച്ചിരിക്കുന്നതുകൊണ്ടാണ്. ഈ പരിപാടികളം നടപ്പാക്കുന്ന കാര്യത്തിൽ സർക്കാർ വളരെയേറെ ശ്രദ്ധിക്കേണ്ടതാണ്. പ്രജാ സോഷ്യലിസ്റ്റ് പാർട്ടിക്ക് രണ്ടുമിനിട്ടുമാത്രം അനുവദിച്ചതിൽ പ്രതിഷേധിക്കുകയും അതോടൊപ്പം ഈ ബഡ്ജറിലെ നല്ല കാര്യങ്ങളം നടപ്പാക്കുന്നതിനുവേണ്ട ചെലവിലേക്ക് അവതരിപ്പിച്ചിട്ടുള്ള ഈ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയും ചെയ്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ബില്ലിനെ ഞാൻ എതിർക്കുകയാണ്. ഒന്നുരണ്ടുകാര്യങ്ങളം പറയാനാണ് ഞാൻ ഈ അല്പസമയം ഉപയോഗിക്കാനുദ്ദേശിക്കുന്നത്. സർ, ഈ രാജ്യത്ത് വിലക്കയറ്റം തടയാനായി അടിസ്ഥാനപരമായി പലതും കഴിഞ്ഞ രണ്ടുകൊല്പത്തിനകത്ത് ചെയ്തിട്ടുണ്ട്. വിലനിലവാരം പിടിച്ചുനിർത്താനും അവശ്യസാധനങ്ങളുടെ വിലക്കയറ്റം കുറക്കാനും കുറെയേറെ സാധിച്ചിട്ടുണ്ട്. അതിന്റെ ഒരുഭാഗമാണ് ഏതാനും ദിവസങ്ങൾക്കുമുമ്പ് ഇന്ത്യയും സോവിയറ്റുറഷ്യയും തമ്മിലുണ്ടാക്കിയിട്ടുള്ള അഞ്ചു കരാറുകളിൽ ഒന്ന്. ഞാൻ വിശ്വസിക്കുന്നു സർ, ഈ രാജ്യം ഏർപ്പെട്ടിട്ടുള്ള ആ അഞ്ചു കരാറുകളം ഇന്ത്യയും സോവിയറ്റ് റഷ്യയും തമ്മിലുള്ള സൗഹൃദബന്ധങ്ങം നിലനിർത്താൻ സഹായിച്ചിട്ടുണ്ട് എന്നുള്ളതുമാത്രമല്ല അതിന്റെ പ്രാധാന്യം. അതിൽ ഒന്നു ക്രൂഡ് എണ്ണ തരുന്നതിനാണ്. എണ്ണ കിട്ടുന്നത് ഇറാനിൽ നിന്നായിരുന്നു. പല ആഭ്യന്തര വിഷമതകളും അവിടെയുണ്ടായിരുന്നതുകൊണ്ട് വളരെയധികം ഭയാശങ്കകളം നമുക്കുണ്ടായി. ഈ രാജ്യത്ത് പെട്രോൾ ക്ഷാമവും ഡീസൽ ക്ഷാമവും വന്നാൽ വലിയ ആപത്തുണ്ടാകും. അവശ്യസാധനങ്ങൾക്ക് വിലകുതിച്ചുകയറുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അത് ഇല്ലാതാക്കാൻ വേണ്ടത്ര ക്രൂഡോയിൽ സോവിയറ്റുറഷ്യയിൽനിന്ന് ഈ രാജ്യത്തേക്ക് വരും. സർ, അതിനുവേണ്ടി കൊടുക്കുന്നത് അരിയാണ് എന്നുള്ള കാര്യവും നാം ഓർക്കണം. ഈ രാജ്യത്ത് വളരെ വളരെയധികം ക്ഷാമമുണ്ടായിരുന്ന അരി ഇന്ന് അത്രകണ്ട് സുലഭമായിരിക്കുകയാണ് ; നമുക്ക് കിട്ടുന്ന ക്രൂഡ് എണ്ണക്ക് കൺസിഡറേഷനായി

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നത് അറിയാണ്. സർ, അതാണ് ഈ രാജ്യത്തെ പൊതുവിലുള്ള സ്ഥിതി എന്നുവച്ചാൽ, ഇന്നു ഏതാനും നിമിഷങ്ങൾക്ക് മുമ്പ് നമ്മളെന്താണ് ഇവിടെ ചെയ്തു കൂട്ടിയത്? ഈ സെയിൽസ് ടാക്സ് സർച്ചാർജ് വീണ്ടും സംസ്ഥാനത്ത് നിലനിർത്താൻ പോകുന്നുവെന്ന സൂചന ബഡ്ജറിൽ നിന്നുവന്നശേഷം പല അവശ്യസാധനങ്ങളുടെയും വില കയറി കഴിഞ്ഞിട്ടുണ്ട്. ഇനിയും കയറും. അതു കയറാനുപകരിക്കുന്ന ആയുധമായി തീർന്നിരിക്കുകയാണ് ഈ സെയിൽ ടാക്സ് സർച്ചാർജ് നിയമം എന്നത് ഖേദകരമായ വസ്തുതയാണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല.

ശ്രീ. എസ്. വരദരാജൻ നായർ : കഴിഞ്ഞ ഒരാഴ്ചകൊണ്ട് ഇൻഡെക്സ് ഇതുവരെയില്ലാത്ത രീതിയിൽ പൊങ്ങിയിട്ടുണ്ടെന്നുള്ള കാര്യം അറിയാമോ?

ശ്രീ. കെ. ചന്ദ്രശേഖരൻ : കണക്കുകളിലേക്കെല്ലാം പിന്നെ പോകാം. പെട്ടെന്ന് കണക്ക് ചോദിച്ചാൽ അതിന് ഉത്തരം പറയാൻ സാധിക്കുകയില്ല. കണക്ക് തന്നിട്ടുണ്ടെങ്കിൽ അതു പരിശോധിച്ച് ഉത്തരം പറയാൻ തയ്യാറാണ്.

സർ, രണ്ടാമതായി പറയാൻ ഉദ്ദേശിക്കുന്ന കാര്യം പാർലമെന്റ് പാസാക്കിയ പ്രത്യേക കോടതി നിയമത്തെ സംബന്ധിച്ചാണ്. ആ ബിൽ പാസായത് പാർലമെന്റിൽ പ്രത്യേകിച്ചും രാജ്യസഭയിൽ വാസ്തവത്തിൽ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും കോൺഗ്രസ് കക്ഷിയും ആ ബില്ലിനെ അനുകൂലിച്ചു എന്നുള്ള കാരണത്താലാണ്. ആ ബില്ലിന്റെ പ്രാധാന്യത്തെ, ഇൻഡ്യയിലെ പ്രതിപക്ഷങ്ങളിൽപ്പെട്ട ഈ രണ്ടുകക്ഷികളും, പാർലമെന്റിന്റെ ഇരുസഭകളിലും മനസിലാക്കി എന്നും ഉത്തരവാദിത്വബോധത്തോടുകൂടി അവർ പ്രവർത്തിച്ചു എന്നും ഉള്ള കാരണത്താലാണ് ആ ബിൽ പാസായത്. ഈ രണ്ടുകക്ഷികളും ഈ സംസ്ഥാനത്ത് ഭരണകക്ഷികളാണ്. അടിയന്തിരാവസ്ഥക്കാലത്ത് നടന്ന കുറ്റങ്ങൾ ചെയ്തവരെ ശിക്ഷിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിച്ചുകൊണ്ട് അതിനുവേണ്ടി അന്വേഷണം നടത്തിക്കൊണ്ട് എന്തുകൊണ്ട് ഈ സ്പെഷ്യൽ കോടതി ബിൽ നിയമമാകുമ്പോൾ ഈ സംസ്ഥാനത്ത് ഉപയോഗിച്ചുകൂടാ? അതിനുവേണ്ട ഭേദഗതി വേണമെങ്കിൽ വരുത്താം; പ്രത്യേക നിയമങ്ങൾ വേണമെങ്കിൽ ഉണ്ടാക്കാം. അതിന്റെ നടപടിക്രമം എന്തുമായിക്കൊള്ളട്ടെ. പക്ഷേ ഈ സംസ്ഥാനത്ത് ഏതാനും ചില പോലീസ് ഉദ്യോഗസ്ഥന്മാരെ നടപടികൾക്കു വിധേയരാക്കി (കുരിശിൽ കയറ്റി എന്ന വാക്ക് ഞാൻ ഉപയോഗിക്കുന്നില്ല) എന്ന ഒരേയൊരു കാരണത്താൽ ഈ സംസ്ഥാനത്ത് ആ കുറ്റങ്ങൾക്ക് ഉത്തരവാദികളായി ഈ സഭയിൽപ്പോലും ഇരിക്കുന്ന വ്യക്തികൾ ഉൾപ്പെടെയുള്ളവരുടെ പേരിൽ നടപടിയെടുത്തില്ലെങ്കിൽ, സ്പെഷ്യൽ കോടതി നിയമത്തെ പാർലമെന്റിൽ ഈ രണ്ടുകക്ഷികളും പിന്താങ്ങിയതിന്, പ്രത്യേകിച്ചും അവർ ഭരണകക്ഷികളായി ഈ സംസ്ഥാനത്തിരിക്കുമ്പോൾ, ഒരർത്ഥവും കാണുകയില്ല. ഏതായാലും ആരോഗ്യകരമായ ഒരുവ്യത്യാസം ഇന്നുണ്ടായിട്ടുണ്ട്. അതു തിരുവനന്തപുരം തെരഞ്ഞെടുപ്പിൽ കണ്ടു. അത് ജനങ്ങളിൽനിന്നും കാണാൻ സാധിച്ചു. ഈ രാജ്യസഭാ തെരഞ്ഞെടുപ്പിൽ അത് നാം കാണാൻ പോകുന്നുണ്ട്. ആരോഗ്യകരമായ ഒരു വ്യത്യാസമായി ഞാൻ അതിനെ അംഗീകരിക്കുന്നു. ഇനി വരുന്ന നാലു ഉപതെരഞ്ഞെടുപ്പുകളിൽ ഈ വ്യത്യാസം

LIBRARY ARCHIVES Kerala Legislative Assembly

നിലനിന്നാലും വേണ്ടില്ല, ഇല്ലെങ്കിലും വേണ്ടില്ല, ഒരു കാര്യം തീർച്ചയാക്കേണ്ടതുണ്ട്. ഈ ഇരിക്കുന്നവരുടെ ഡിപ്പോസിറ്റുപോലും കിട്ടാത്ത ഒരു സ്ഥിതിവിശേഷം ഈ രാജ്യത്ത് ഉണ്ടാക്കിയാൽ മാത്രമേ ഇൻഡ്യക്ക് പുരോഗതി ഉണ്ടാകുകയുള്ളു, അതിന്റെ ഭാഗമായി ഈ സംസ്ഥാനത്തിന് പുരോഗതിയുണ്ടാവുകയുള്ളു ശാന്തമായി നിൽക്കാൻ സാധിക്കുകയുള്ളു. അതിനുവേണ്ടിയുള്ള പരിപാടികളിൽ കുറെയേറെ പലർക്കും യോജിക്കാൻ സാധിക്കും.

ശ്രീ. ആർ. സുന്ദരേശൻനായർ: സർ, ശക്തമായ അഭിപ്രായഭിന്നതകളുണ്ടെങ്കിലും കസേരകളുറപ്പിക്കുന്നതിനുവേണ്ടി ഏതുതരത്തിലുള്ള വിട്ടുവീഴ്ചകൾക്കും തയ്യാറായിക്കൊണ്ട്, കൂട്ടുത്തരവാദിത്വത്തിന്റെ എല്ലാ തത്ത്വങ്ങളും അടിയറവച്ചുകൊണ്ട്, അതായതു രാഷ്ട്രീയകക്ഷികൾക്കു കിട്ടിയിരിക്കുന്ന വകുപ്പുകൾ അതാതു കക്ഷികളുടെ കറവപ്പശുക്കളാക്കിക്കൊണ്ട്, ആ സംവിധാനം നാലുമാസംകൂടി തുടർന്നുപോകാൻവേണ്ടി 291 കോടി രൂപ ചെലവാക്കുന്നതിനുവേണ്ടി അനുവാദം ചോദിക്കുന്ന ബില്ലിനെ ഞാൻ എതിർക്കുന്നു. ഇവിടെ അഴിമതിയുടെ കാര്യങ്ങളൊക്കെ പറഞ്ഞപ്പോൾ വ്യക്തമായ ഉദാഹരണം ചൂണ്ടികാണിക്കാനുണ്ടോ എന്നു ചോദിച്ചു. ഏറ്റവും വലിയ അഴിമതി ചില വകുപ്പുകളും കോർപ്പറേഷനുകളുമൊക്കെ ചില രാഷ്ട്രീയകക്ഷികളോ മന്ത്രിമാരോ വളരെക്കാലം തുടർച്ചയായി കൈകാര്യം ചെയ്യുകയും അതു പരസ്പരം കൈമാറാൻ വൈമുഖ്യം പ്രകടിപ്പിക്കുകയും ഇതിനെതിരായി തന്റെ അധികാരമുപയോഗിച്ച് ചെയ്യാൻ വേണ്ട ശേഷി ബഹുമാന്യനായ മുഖ്യമന്ത്രി കാണിക്കാതിരിക്കുകയും ചെയ്യുന്നതാണ്. അത് ഏറ്റവും വലിയ അഴിമതിയുടെ ലക്ഷണമാണു സർ. ചില പ്രത്യേക രാഷ്ട്രീയകക്ഷികൾ അതിന്റെ കൈയിൽ കിട്ടിയ വകുപ്പുകൾ തുടർച്ചയായി വച്ചുകൊണ്ട് അതിലൂടെയുണ്ടാകുന്ന ആനുകൂല്യങ്ങൾ ചില പ്രത്യേക ചാനലിലൂടെ പ്രവഹിപ്പിക്കാൻ വേണ്ട സംവിധാനമുണ്ടാക്കിവച്ചുകൊണ്ട് അത് എന്നെന്നും തുടരണമെന്നാഗ്രഹിക്കുന്നത് അഴിമതിയുടെ ലക്ഷണമാണ്. ഞാൻ വെല്ലുവിളിക്കുന്നു—അവർക്ക് ഏതെങ്കിലും വകുപ്പ് ഭരിച്ചാൽ പോരേ? ഇന്ന വകുപ്പുകൾ തന്നെ ഭരിക്കണമെന്നു നിർബന്ധം പിടിക്കുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ആ വകുപ്പുകളും കോർപ്പറേഷനുകളും പരസ്പരം കൈമാറാം ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് നടപടിസ്വീകരിക്കാൻ തയ്യാറാകണമെന്നും രാഷ്ട്രീയ കക്ഷികൾ അതംഗീകരിക്കാൻ തയ്യാറാകണമെന്നും വെല്ലുവിളിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു. ബില്ലിനെ എതിർക്കുന്നു.

ധനകാര്യമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): സർ, വളരെ പ്രസക്തമായ വാദഗതികളൊന്നും ബില്ലിനെതിരായി കൊണ്ടുവന്നില്ലെങ്കിലും വളരെ ബന്ധപ്പെട്ട കാര്യങ്ങളൊന്നും പറഞ്ഞില്ലെങ്കിലും എതിർപ്പിനുവേണ്ടി ബഹുമാനപ്പെട്ട ചില അംഗങ്ങൾ എതിർത്തു. ഉന്നയിച്ച കാര്യങ്ങളൊന്നുംതന്നെ എനിക്ക് മറുപടി പറയാനുള്ളതല്ല. രാഷ്ട്രീയ കക്ഷികൾ മറുപടി പറയേണ്ട കാര്യങ്ങളാണ്. അത് ഈ സഭാതലത്തിലാണെങ്കിൽ അതിന് അധികാരമുള്ള ആളുകൾ തമ്മിൽ പറയട്ടെ. വെളിയിലാണെങ്കിൽ അവസരം കിട്ടുമെങ്കിൽ ഞാനും പറയാം. ഈ ബഡ്ജറിനെ സംബന്ധിച്ചിടത്തോളം നാല് മാസത്തേക്കുള്ള വോട്ട് ഓൺ അക്കൗണ്ട് ബഹുമാനപ്പെട്ട സഭ അംഗീകരിച്ചുതന്നു. അത് നയപരമായി വിനിയോഗിക്കുന്നതിനുള്ള നിയമസഭയുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുകയാണ്. കൂടുതലായി പറയുന്നില്ല. ഇത് അംഗീകരിച്ചുതരണമെന്നു മാത്രം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

The question that the Kerala Appropriation (Vote on Account) Bill, 1979, be taken into consideration was put and carried.

Shri K. Chandrasekaran: Sir, I demand a poll. A poll was taken when the House divided as follows:

AYES 63

1. ശ്രീ. എം. പി. എം. അബ്ദുള്ളാ കുരിക്കൾ
2. ശ്രീ. ഇ. അഹമ്മദ്
3. ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി
4. ശ്രീ. ആര്യാടൻ മുഹമ്മദ്
5. ശ്രീ. ബേബി ജോൺ
6. ശ്രീ. കെ. കെ. ബാലകൃഷ്ണൻ
7. ശ്രീ. എൻ. കെ. ബാലകൃഷ്ണൻ
8. ശ്രീ. യു. എ. ബീരാൻ
9. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
10. ശ്രീ. കെ. ജെ. ചാക്കോ
11. ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ
12. ശ്രീ. ജെ. ചിത്തരഞ്ജൻ
13. ശ്രീ. സിറിയക്ക് ജോൺ
14. ശ്രീ. ദാമോദരൻ കാളാശ്ശേരി
15. ശ്രീ. ഈപ്പൻ കണ്ടക്കുടി
16. ശ്രീ. ഈപ്പൻ വർഗ്ഗീസ്
17. ശ്രീ. പി. ആർ. ഫ്രാൻസിസ്
18. ശ്രീ. ഇ. പി. ഗോപാലൻ
19. ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ
20. ശ്രീ. എ. എൽ. ജേക്കബ്
21. ശ്രീ. ടി. എം. ജേക്കബ്
22. ശ്രീ. ടി. എസ്. ജോൺ
23. ഡോക്ടർ കെ. സി. ജോസഫ്
24. ശ്രീ. പി. സി. ജോസഫ്
25. ശ്രീ. പി. ജെ. ജോസഫ്
26. ശ്രീ. ഇ. കെ. പിള്ള
27. ശ്രീ. എം. കെ. കേശവൻ
28. ശ്രീ. കിട്ടപ്പ നാരായണസ്വാമി
29. ശ്രീ. കെ. ടി. കുമാരൻ
30. ശ്രീ. കാന്തലോട്ടു കുഞ്ഞാമ്പു
31. ശ്രീ. സി. എ. കുര്യൻ
32. ശ്രീ. ലോനപ്പൻ നമ്പാടൻ
33. ശ്രീ. ഒ. ലൂക്കോസ്
34. ശ്രീ. ടി. എ. മജീദ്
35. ശ്രീ. കെ. എം. മാണി
36. ശ്രീ. എം. വി. മാണി.
37. ശ്രീ. കെ. എ. മാത്യു
38. ശ്രീ. എൻ. പി. മൊയ്തീൻ
39. ശ്രീ. സി. എച്ച്. മുഹമ്മദുകോയ

LIBRARY ARCHIVES Kerala Legislative Assembly

40. ശ്രീ. കല്പട നാരായണൻ
41. ശ്രീ. കെ. പി. നൂറുദീൻ
42. ശ്രീ. ഉമ്മൻ ചാണ്ടി
43. ശ്രീ. കെ. പങ്കജാക്ഷൻ
44. ശ്രീ. ടി. എ. പരമൻ
45. ശ്രീ. കെ. പി. പ്രഭാകരൻ
46. ശ്രീ. വി. കെ. രാജൻ
47. ശ്രീ. കണിയാപുരം രാമചന്ദ്രൻ
48. ശ്രീ. എം. രാമപ്പ
49. ശ്രീ. കെ. ശങ്കരനാരായണൻ
50. ശ്രീ. വി. ടി. സെബാസ്റ്റ്യൻ
51. ശ്രീ. ബി. എം. ഷെറീഫ്
52. ശ്രീ. സിദ്ധാർത്ഥൻ കുട്ടുങ്കൽ
53. ശ്രീ. പി. എസ്. ശ്രീനിവാസൻ
54. ശ്രീ. സി. എം. സുന്ദരം
55. ശ്രീ. എ. വി. താമരാക്ഷൻ
56. ശ്രീ. തോമസ് ജോസഫ്
57. ശ്രീ. ത്യാഗരാജൻ
58. ശ്രീ. ആർ. എസ്. ഉണ്ണി
59. ശ്രീ. കെ. സി. വാമദേവൻ
60. ശ്രീ. എസ്. വരദരാജൻ നായർ
61. ശ്രീ. പി. കെ. വാസുദേവൻ നായർ
62. ശ്രീ. എ. എൻ. യൂസഫ്
63. ശ്രീ. സ്റ്റീഫൻ പാദുവ

NOES 24

1. ശ്രീ. ടി. കെ. അബ്ദു
2. ശ്രീ. തെന്നല ബാലകൃഷ്ണ പിള്ള
3. ശ്രീ. പി. ബാലൻ
4. ശ്രീ. പി. ഭാസ്കരൻ
5. ശ്രീ. എൻ. ഭാസ്കരൻ നായർ
6. ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്
7. ശ്രീ. കെ. ചന്ദ്രശേഖരൻ
8. ശ്രീ. ചടയൻ ഗോവിന്ദൻ
9. ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി
10. ശ്രീ. കെ. ജെ. ജോർജ്
11. ശ്രീ. പി. കരുണാകരൻ
12. ശ്രീ. എം. കെ. കൃഷ്ണൻ
13. ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണ പിള്ള
14. ശ്രീ. പി. പി. വി. മൂസ്സ
15. ശ്രീ. ഇ. നാരായണൻ നായർ
16. ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി
17. ശ്രീ. കെ. രാഘവൻ മാസ്റ്റർ
18. ശ്രീ. എ. എ. റഹീം

LIBRARY ARCHIVES Kerala Legislative Assembly

19. ശ്രീ. ടി. കെ. രാമകൃഷ്ണൻ
20. ശ്രീ. പി. ആർ. കുറുപ്പ്
21. ശ്രീ. പി. കെ. ശങ്കരൻ കുട്ടി
22. ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി
23. ശ്രീ. ആർ. സുന്ദരേശൻ നായർ
24. ശ്രീ. സേവ്യർ അറയ്ക്കൽ

NEUTRALS—Nil.

Mr. Deputy Speaker : Those for the motion .. 63
Those against the motion .. 24
Neutrals .. Nil

The motion was declared adopted and the Bill was taken into consideration.

Clauses 2 and 3

The question that clauses 2 and 3 stand part of the Bill was put and carried.

Clauses 2 and 3 were added to the Bill.

Clause 1, Preamble and Title

The question that clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): സർ, 1979-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ല് പാസ്സാക്കി തരണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

The question that the Kerala Appropriation (Vote on Account) Bill, 1979, be finally passed was put and carried.

The motion was adopted and the Bill was finally passed.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും ചേരുന്നതുമാണ്. (1979 മാർച്ച് 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 1.46-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly